ASHTAKAVIMSATI.

അഷ്ടകവിംശതി

നാലാം ഭാഗം.

സ്കന്ദാഷ്ടകം.

ഹരിഃ ശ്രീഗണപതയെ നമഃ

അവിഘ്നമസ്തു.

൧. സ്നാതംകിംതാരകസ്യപ്രവഹതിവപുഷശ്ശോണിതെശോണഭാവം ധത്തെകിംദെവവന്ദീകുചവല്ഗുസൂനൊരജൊമിശ്രഹഷ്ടാശ്രുസിക്തം। കിംമാതുശ്ചുംബനെഷുപ്രണയഭരജുഷൊലബ്ധതാംബൂലരാഗം യൊഗീന്ദ്രൈരൂഹ്യമാനംനതിഭിരിതിമഹസ്സ്കാന്ദമന്തസ്സമിന്ധാം॥

അന്വയം—ഇദം-ശൊണഭാവം- ധത്തെ-താരകസ്യ-വപുഷഃ-പ്രവഹതി-ശൊണിതെ-സ്നാതം-കിം-ദെവവന്ദീകുചവല്ഗുസൂനരജൊമിശ്രഹഷ്ടാശ്രുസിക്തം-കിം-പ്രണയഭരജുഷഃ-മാതുഃ-ചുംബനെഷു-ലബ്ധതാംബൂലരാഗം-കിം- ഇതി-യൊഗീന്ദ്രൈഃ-നതിഭിഃ- ഊഹ്യമാനം_സ്കാന്ദം-മഹഃ-അന്തഃ-സമിന്ധാം.

അന്വയാൎത്ഥം— ഇത ശൊണഭാവത്തെ ധരിക്കുന്നു. താരകൻെറ വപുസ്സിങ്കൽ നിന്ന പ്രവഹത്തായിരിക്കുന്ന ശൊണിതത്തിങ്കൽ സ്നാതമായി ഭവിച്ചുവൊ. ദെവവന്ദീകുചവല്ഗുസൂനരജൊമിശ്രഹഷ്ടാശ്രുസിക്തമായി ഭവിച്ചുവൊ. പ്രണയഭരജുഷ്ടായിരിക്കുന്ന മാതാവിൻെറ ചുംബനങ്ങളിൽ ലബ്ധതാംബൂലരാഗമായി ഭവിച്ചുവൊ. ഇപ്രകാരം യൊഗീന്ദ്രന്മാരാൽ നതികൾ ഹെതുവായിട്ട ഊഹ്യമാനമായി സ്കാന്ദമായിരിക്കുന്ന മഹസ്സ അന്തൎഭാഗത്തിങ്കൽ വഴിപൊലെ പ്രകാശിക്കെണമെ.

പരിഭാഷാ—ശൊണഭാവം=ശൊണമാവു എന്നുള്ളത- ശൊണം=ശൊണവൎണ്ണം- (ചെന്താമരപ്പൂവിൻെറ നിറംപൊലെയുള്ള നിറത്തൊടുകൂടിയതെന്നൎത്ഥം) താരകൻ=താരകാസുരൻ- വപുസ്സ=ശരീരം- പ്രഹവതത=പ്രവഹിച്ചിയങ്ങുന്നത-പ്രവ

ക്കു=ഒഴുകുക- ശോണിതം=ചോര- സ്നാനം=കുളിച്ചത- ദെവവന്ദീകുചഘുസൃണരജോമിശ്രഹൎഷാശ്രുസിക്തം=ദെവവന്ദീകുചഘുസൃണരജോമിശ്രഹൎഷാശ്രുക്കളാൽസിക്തം-ദെവവന്ദീകുചഘുസൃണരജോമിശ്രഹൎഷാശ്രുക്കൾ=ദെവവന്ദികളുടെ കുചഘുസൃണരജോമിശ്രഹൎഷാശ്രുക്കൾ- ദെവവന്ദികൾ= ദെവന്മാരുടെ വന്ദികൾ- വന്ദികൾ=അന്യനാൽ ബലാൽകാരെണപിടിച്ചുകൊണ്ടുപൊകപ്പെട്ട സ്ത്രീകൾ- കുചഘുസൃണരജോമിശ്രഹൎഷാശ്രുക്കൾ= കുചഘുസൃണരജോമിശ്രങ്ങളായിരിക്കുന്ന ഹൎഷാശ്രുക്കൾ - കുചഘുസൃണരജോമിശ്രങ്ങൾ= കുചഘുസൃണരജസ്സൊടുചെൎന്നവ- കുചഘുസൃണരജസ്സ=കുചങ്ങളിലെഘുസൃണരജസ്സ- കുചങ്ങൾ=മുലകൾ- ഘുസൃണരജസ്സ=കുംകുമപ്പൊടി- ഹൎഷാശ്രുക്കൾ= ഹൎഷം ഹെതുവായിട്ട ഉണ്ടായ അശ്രുക്കൾ- ഹൎഷം=സന്തൊഷം- അശ്രുക്കൾ=കണ്ണുനീരുകൾ- സിക്തം=സെചിക്കപ്പെട്ടത- സെചിക്ക=നനക്ക- പ്രണയഭരജുഷ്ട= പ്രണയഭരത്തെജൊഷിക്കുന്നവൾ- പ്രണയഭരം=സ്നെഹാതിശയം- ജൊഷിക്ക=സെവിക്ക- (സ്നെഹാതിശയത്തെ പ്രകാശിപ്പിക്കുന്നവൾ എന്ന സാരം) മാതാവ=ജനനി= (ശ്രീപാൎവ്വതി) ചുംബനങ്ങൾ=മുഖസംയൊഗങ്ങൾ- ലബ്ധതാംബൂലരാഗം= ലബ്ധമായിരിക്കുന്ന താംബൂലരാഗത്തൊടുകൂടിയത- ലബ്ധ=ലഭിക്കപ്പെട്ടത- താംബൂലരാഗം=താംബൂലത്തിന്റെരാഗം-താംബൂലം=വെററില- രാഗം=ചുവപ്പ- യൊഗീന്ദ്രന്മാർ=പ്രധാനയൊഗികൾ- നുതികൾ=സ്തുതികൾ- ഊഹ്യമാനം= ഊഹിക്കപ്പെട്ടിയങ്ങുന്നത- ഊഹിക്ക=വിതൎക്കിക്ക- സ്കാന്ദം=സ്കന്ദനെ സംബന്ധിച്ചിരിക്കുന്നത- സ്കന്ദൻ=സുബ്രഹ്മണ്യൻ- മഹസ്സ=തെജസ്സ- അന്തൎഭാഗം=ഉള്ള-

സാരം—ഇത്തെജസ്സ ചുവപ്പിനെ ധരിക്കുന്നു- അതിന്നകാരണമെന്ത- ഇത താരകാസുരന്റെ ശരീരത്തിങ്കൽനിന്ന ഒഴുകുന്ന ചൊരയിൽ കുളിച്ചുവൊ. താരകാസുരനാൽ ദെവലൊകത്തിങ്കൽനിന്ന ബലാൽകാരെണ പിടിച്ചുകൊണ്ടുപൊയി തന്റെ രാജധാനിയിൽ ആക്കപ്പെട്ട ദെവസ്ത്രീകൾക്ക താരകാസുരനെ കൊന്നപ്പൊൾ സന്തൊഷാതിശയംഹെതുവായി പുറപ്പെട്ടുകയും അവരുടെ മുലകളിൽ ഉണ്ടായിരുന്ന കുംകുമപ്പൊടിയൊടു കൂടിചെൎന്നൊഴുകുകയും ചെയ്തിരിക്കുന്ന കണ്ണുനീരുകളാൽ നനക്കപ്പെട്ടുവൊ. അത പ്രെമത്തൊടുകൂടിയ മാതാവിന്റെ ചുംബനസമയങ്ങളിൽ ചുണ്ടുകളിൽനിന്ന പകൎന്ന വെററിലച്ചുവപ്പൊടു കൂ

ടിയതായൊ. ഇപ്രകാരം പ്രധാനയൊഗികളാൽ സ്തുതിഫലകമായി അനെകപ്രകാരെണ വിതൎക്കിക്കപ്പെട്ടിയങ്ങുന്നതായ സുബ്രഹ്മണ്യന്റെ തെജസ്സ എന്റെ ഉള്ളിൽപ്രകാശിക്കെണമെ-

൨. കൊകസ്ത്രീണാംപ്രകാശസ്സവിതുരിതിവലാരാതി സീമന്തിനീനാംസിന്ദൂരൊത്ഥഃപരാഗൊബഹുള ഇതിഗവാംതാവദുത്താനഗാനാം। വ്യാപ്തംസന്താനവല്യാഃകിസലയമിതിച വ്യാതനൊതിഭ്രമംയത്തത്തെജശ്ശൊണപത്മൊദരകിരണസഖിസ്കാന്ദമന്തസ്സമിന്ധാം॥

അന്വയം—കൊകസ്ത്രീണാം- സവിതുഃ- പ്രകാശഃ- ഇതി- വലാരാതിസീമന്തിനീനാം- സിന്ദൂരൊത്ഥഃ- ബഹുളഃ- പരാഗഃ- ഇതി- ഉത്താനഗാനാം-ഗവാം- താവൽ-വ്യാപ്തം- സന്താനവല്യഃ- കിസലയം- ഇതി- ച-ഭ്രമം-യൽ-വ്യാതനൊതി- ശൊണപത്മൊദരകിരണസഖി-സ്കാന്ദം-തൽ- തെജഃ- അന്തഃ- സമിന്ധാം.

അന്വയാൎത്ഥം—കൊകസ്ത്രീകൾക്ക സവിതാവിന്റെ പ്രകാശമെന്നും വലാരാതിസീമന്തിനികൾക്ക സിന്ദൂരൊത്ഥമായി ബഹുളമായിരിക്കുന്ന പരാഗമെന്നും ഉത്താനഗകളായിരിക്കുന്ന ഗൊക്കൾക്ക വ്യാപ്തമായിരിക്കുന്ന സന്താനവല്ലിയുടെ കിസലയമെന്നുമുള്ള ഭ്രമത്തെ യാതൊന്ന ഉണ്ടാക്കുന്നുവൊ. ശൊണപത്മൊദരകിരണസഖിയായി സ്കാന്ദമായിരിക്കുന്ന ആ തെജസ്സ അന്തൎഭാഗത്തിങ്കൽ വഴിപൊലെ പ്രകാശിക്കെണമെ.

പരിഭാഷാ— കൊകസ്ത്രീകൾ= കൊകങ്ങളുടെ സ്ത്രീകൾ- കൊകങ്ങൾ= ചക്രവാകപക്ഷികൾ- സവിതാവ=ആദിത്യൻ- പ്രകാശം= ഉദയതെജസ്സ- വലാരാതിസീമന്തിനികൾ= വലാരാതിയുടെ സീമന്തിനികൾ- വലാരാതി= ഇന്ദ്രൻ- സീമന്തിനികൾ= സ്ത്രീകൾ- സിന്ദൂരൊത്ഥം= സിന്ദൂരത്തിങ്കൽ നിന്ന ഉത്ഥാനംചെയ്യത- ഉത്ഥാനംചെയ്ക= ഉണ്ടാക- ബഹുളം=ബഹു- പരാഗം= പൊടി- ഉത്താനഗകൾ=മലൎന്നസഞ്ചരിക്കുന്നവ-ഗൊക്കൾ=പശുക്കൾ- (മലൎന്നസഞ്ചരിക്കുന്ന പശുക്കൾ എന്നതുകൊണ്ട ദെവപശുക്കളെ ഗ്രഹിച്ചുകൊൾക-) വ്യാപ്താ= വ്യാപിച്ചത- (വളരെ പരപ്പൊട്ടകൂടിയതെന്ന സാരം.) സന്താനവല്ലീ= കല്പകലതാ- കിസലയം= തളിര- ശൊണപത്മൊദരകിരണസഖി- ശൊണപത്മൊദരകിരണത്തൊട സദൃശം- ശൊണപത്മൊദരകിരണം=ശൊണപത്മൊദരത്തിന്റെ കിരണം. ശൊണപത്മൊദരം= ചുവ്വ ശൊണപത്മത്തിന്റെ ഉദരം- ശൊണപത്മം= ചെന്താമരപ്പൂവ ആ

ഉദരം= ഉള്ളു- കിരണം= തെജസ്സ- (ശെഷം മെൽപ്രകാരം-)

സാരം—ചക്രവാകപക്ഷിയുടെ സ്ത്രീകൾക്ക സൂൎയ്യന്റെ ഉദയതെജസ്സാകുന്നു ഇതെന്നും ദെവസ്ത്രീകൾക്ക സിന്ദൂരത്തിന്റെ ബഹുവായിരിക്കുന്ന പൊടിയാകുന്നു എന്നും ദെവപശുക്കൾക്ക വളരെ പരപ്പൊടുകൂടിയ കല്പകലതയുടെ തളിരാകുന്നു എന്നുമുള്ള ഭ്രമത്തെ ഉണ്ടാക്കുന്നതായിയും ചെന്താമരപ്പൂവിന്റെ നിറംപൊലെയുള്ള നിറത്തൊടുകൂടിയതായിയുമിരിക്കുന്ന സുബ്രഹ്മണ്യന്റെ തെജസ്സ എന്റെ ഉള്ളിൽ നല്ലവണ്ണം പ്രകാശിക്കെണമെ.

൫. യത്രദ്യാവാപൃഥിവ്യൊസ്സവിതുരിവമഹസ്സ്യ. ശ്രമാദശ്രുവാനെ ലാക്ഷാരാഗാനുരാഗഃപദജുഷിനപദംപ്രാപസിദ്ധാംഗനാസു। ആശംകാകുംകുമസ്യസ്തനജുഷിസതിവാശ്ലെഷണെയൊഗ്യതായാ രൊചിസ്സരൊചനാഭംമനുജകുലജയിസ്കാന്ദമന്തസ്സമിന്ധാം॥

അന്വയം—യത്ര- സവിതുഃ- മഹസി- ഇവ- ദ്യാവാപൃഥിവ്യൊ- അശ്രമാൽ- അശ്രുവാനെ- പദജുഷി- ലാക്ഷാരാഗാനുരാഗഃ- സിദ്ധാംഗനാസു- പദം-ന-പ്രാപ- സ്തനജുഷി- കുംകുമസ്യ- ശ്ലെഷണെ- യൊഗ്യതായാഃ- ആശംകാ- വാ- രൊചനാഭം- മനുജകുലജയി- സ്കാന്ദം- തൽ- രൊചിഃ- അന്തഃ- സമിന്ധാം-

അന്വയാൎത്ഥം—യാതൊന്ന സവിതാവിന്റെ മഹസ്സെന്നപൊലെ ദ്യാവാപൃഥിവികളെ ശ്രമത്തൊടുകൂടാതെ അശ്രുവാനമായി പദജുഷ്ടായിരിക്കും വിഷയത്തിങ്കൽ ലാക്ഷാരാഗാനുരാഗം സിദ്ധാംഗനമാരിൽ പദത്തെ പ്രാപിച്ചില്ല. സ്തനജുഷ്ടായിരിക്കും വിഷയത്തിങ്കൽ കുംകുമത്തിന്ന ശ്ലെഷണത്തിങ്കലുള്ള യൊഗ്യതയുടെ ആശംകയും പദത്തെപ്രാപിച്ചില്ല. രൊചനാഭമായി മനുജകുലജയിയായി സ്കാന്ദമായിരിക്കുന്ന ആരൊചിസ്സ അന്തൎഭാഗത്തിങ്കൽ വഴിപൊലെ പ്രകാശിക്കെണമെ.

പരിഭാഷ— സവിതാവ= ആദിത്യൻ- മഹസ്സ= തെജസ്സ- ദ്യാവാപൃഥിവികൾ= ആകാശവും ഭൂമിയും- ശ്രമം= തളൎച്ച- അശ്രുവാനം= അശിച്ചിയങ്ങുന്നത-അശിക്ക= വ്യാപിക്ക- പദജുഷ്ട= പദങ്ങളെ ജൊഷിച്ചത- പദങ്ങൾ=ചരണങ്ങൾ-ജൊഷിക്ക=ആശ്രയിക്ക- ലാക്ഷാരാഗാനുരാഗം= ലാക്ഷാരാഗത്തിങ്കൽ ഉള്ള അനുരാഗം- ലാക്ഷാരാഗം= ലാക്ഷാരഞ്ജനം- (ലാക്ഷാരസംകൊണ്ട കാലിന്റെ അടികൾ ചുവപ്പിക്ക-) അനുരാഗം= അഭിലാ

ഷ

ഷ്ടം- സിദ്ധാംഗനമാർ= സിദ്ധസ്ത്രീകൾ- പദം=സ്ഥാനം- പ്രാ
പിക്ക= ലഭിക്ക- സ്തനജുഷ്ട= സ്തനങ്ങളെ ജോഷിച്ചത- സ്തനങ്ങ
ൾ= മുലകൾ- ജോഷിക്ക= ആശ്രയിക്ക- ശ്ലക്ഷണം= ലെപനം-
(തെപ്പ)- ആശംകാ= സംശയം- രൊചനാഭം= രൊചനയുടെ
ആഭപൊലെ ഇരിക്കുന്ന; ആഭയൊടു കൂടിയത- രൊചനാ= ഗൊ
രൊചനം- ആഭാ= കാന്തി- മനുജകുലജയി= മനുജകുലത്തെ
ജയിക്കുന്നത- മനുജകുലം= അസുരസമൂഹം- രൊചിസ്സ= തെജ
സ്സ- (ശെഷം മെൽപ്രകാരം-)

സാരം.— ബാലാദിത്യതെജസ്സെന്നപൊലെ യാതൊരുതെജ
സ്സ ആകാശത്തെയും ഭൂമിയെയും വ്യാപിച്ചിയങ്ങുന്നതായിട്ട
സിദ്ധസ്ത്രീകളുടെ കാലിന്റെ അടികളിൽ എത്തിയസമയം അ
വൎക്ക കാലിന്റെ അടികളിൽ ചെംപഞ്ഞിച്ചാർ തെപ്പാനുള്ള താ
ൽപര്യവും മുലകളിൽപററിയസമയം മുലകളിൽ കുംകുമംപൂശെ
ണമെന്നുള്ള അഭിലാഷവും നഷ്ടമായി ഭവിച്ചുവൊ. ആ ഗൊ,
രൊചനനിറമായിട്ടും അസുരകുലദുസ്സഹമായിട്ടുമിരിക്കുന്ന സു
ബ്രഹ്മണ്യന്റെ തെജസ്സ എന്റെ ഉള്ളിൽ വഴിപൊലെ പ്ര
കാശിക്കെണമെ.

൪. സ്വൈരംവൈരെണയൊമാംഗ്ലപയതിനിതരാംഭൈരവഃ
കൈരവാണാംഭൎത്താദൈവൊത്തമസ്തംമുഖഹരിണഭൃതസ്തെജസാം
ധാരയാസൈന്യ। വിഭ്രാജ്ജെഷാമജൈഷീദിതിമുദിതവതീവാപ
ശൊണാബ്ജലക്ഷ്മീ യ്യൽസഖ്യംതൽസുരാരിക്ഷപണപടുമഹസ്സ്കാ
ന്ദമന്തസ്സമിന്ധാം॥

അന്വയം.— യഃ-കൈരവാണാം- ഭൎത്താവൈരെണ- നിത
രാം-ഭൈരവഃ-സ്വൈരം-മാം-ഗ്ലപയതി-തം-മുഖഹരിണഭൃതഃ-എ
ഷാം-തെജസാം-വിഭ്രാജാ-ധാരയാ- അസൈന്യ- ദൈവൊത്തമഃ-
അജൈഷീൽ-ഇതി-മുദിതവതീ- ഇവ-ശൊണാബ്ജലക്ഷ്മീഃ- യ
ത്സഖ്യം-ആപ-സുരാരിക്ഷപണപടു-സ്കാന്ദം- തൽ-മഹഃ- അ
ന്തഃ-സമിന്ധാം.

അൎത്ഥം.— യാതൊരുകൈരവങ്ങളുടെ ഭൎത്താവ വൈ
രംഹെതുവായിട്ട ഏററവും ഭൈരവനായിട്ട സ്വൈരമാകുംവ
ണ്ണം എന്നെ ഗ്ലപിക്കുന്നുവൊ അവനെ മുഖഹരിണഭൃത്തിന്റെ
രം തെജസ്സുകളുടെ വിഭ്രാട്ടായിരിക്കുന്ന ധാരകൊണ്ടു രം ദൈ
വൊത്തമൻ ജയിച്ചുഎന്നവിചാരിച്ചിട്ട മുദിതവതിയായിട്ടൊ
എന്നുതൊന്നുമാറ ശൊണാബ്ജലക്ഷ്മീയൽസഖ്യത്തെ പ്രാപിച്ചു
വൊ സുരാരിക്ഷപണപടുവായി സ്കാന്ദമായിരിക്കുന്ന ആ

ഹസ്സ അന്തൎഭാഗത്തിങ്കൽ വഴിപൊലെ പ്രകാശിക്കെണമെ.

പരിഭാഷാ—കൈരവങ്ങളുടെഭൎത്താവ=ചന്ദ്രൻ- വൈരം=വിദ്വെഷം- ഭൈരവൻ=ഭയംകരൻ- (ഭയത്തെ ഉണ്ടാക്കുന്നവൻ-) സ്വൈരം=സ്വഛന്ദം- ഗ്ലപിക്ക=വാട്ടത്തെപ്രാപിക്ക- മുഖഹരിണഭൃത്ത=മുഖമാകുന്ന ഹരിണഭൃത്ത- ഹരിണഭൃത്ത=ചന്ദ്രൻ- വിഭ്രാട്ട=വിശെഷെണഭ്രാജിക്കുന്നത- ഭ്രാജിക്ക=ശൊഭിക്ക- ധാരാ=പ്രവാഹം- ദെവൊത്തമൻ=ദെവശ്രെഷ്ഠൻ- മുദിതവതീ=മൊദിച്ചത- മൊദിക്ക=സന്തൊഷിക്ക- ശൊണാബ്ജലക്ഷ്മീ=ശൊണാബ്ജങ്ങളുടെലക്ഷ്മീ- ശൊണാബ്ജങ്ങൾ=ചെന്താമരപ്പൂക്കൾ- ലക്ഷ്മി=ശൊഭാ- യത്സഖ്യം=യാതൊന്നിന്റെസഖ്യം- സഖ്യം=സഖിയാവുഎന്നുള്ളത- സുരാരിക്ഷപണപടു=സുരാരിക്ഷപണത്തിങ്കൽപടു- സുരാരിക്ഷപണം=സുരാരികളുടെക്ഷപണം- സുരാരികൾ=അസുരന്മാർ- ക്ഷപണം=വിനാശനം- (നശിപ്പിക്ക) പടു=സമൎത്ഥം- (ശെഷംമെൽപ്രകാരം-)

സാരം—യാതൊരു ചന്ദ്രൻ വൈരം ഹെതുവായിട്ട ഭയത്തെ ജനിപ്പിക്കുന്നവനായിട്ട തനിക്കൊത്തവണ്ണം ഇനിക്ക വാട്ടത്തെ ഉണ്ടാക്കുന്നുവൊ അവനെ ഒരുദെവൻ മുഖകാന്തികൊണ്ടു ജയിച്ചു. ഇപ്രകാരംവിചാരിച്ചിട്ട ചെന്താമരപ്പൂക്കളുടെ ലക്ഷ്മി യാതൊന്നിന്റെ സഖ്യത്തെ പ്രാപിച്ചുവൊ ആ സ്കന്ദതെജസ്സ എന്റെ ഉള്ളിൽ നല്ലവണ്ണം പ്രകാശിക്കെണമെ.

൫. കസ്കൌതസ്കുതൊയംബഹിരിഹവപുഷൊയാതിനിഷ്ക്രമ്യദൂരംവാരംമന്യെതിരശ്ചാംവിമിതമതിഭയാൽഫ്ലാരവല്ലൂൽകാരഭാജഃ। സൊല്ലെഖാഷംമൊഷവല്ലൂകാഃപരിഹൃഭയന്നഭൊവൎത്മധാവന്തിതെമീഭീതായസ്മാന്നവാക്കാമിവതമിഹമഹസ്കാന്ദമന്തസ്സമിന്ധാം॥

അന്വയം—അയം- കസ്കഃ- കൌതസ്കുതഃ- വപുഷഃ- ഇഹ- ബഹിഃ- നിഷ്ക്രമ്യ- ദൂരം- യാതി- അഹം- തിരശ്ചാം- വാരം- മന്യെ- വിമിതം- മൊഷവല്ലൂകാഃ- അതിഭയാൽ- പരിഹൃഭയന്നഭൊവൎത്മ- ഫ്ലാരവല്ലൂൽകാരഭാജഃ- സൊല്ലെഖാഷം- ധാവന്തി- തെ- അമീ- നവാക്കാൽ- ഇവ- യസ്മാൽ- ഭീതാഃ- തൽ- സ്കാന്ദം- മഹഃ- ഇഹ- അന്തഃ- സമിന്ധാം.

അന്വയാൎത്ഥം—ഇത എന്തെന്ത എവിടെവിടെനിന്ന ഉണ്ടായതാകുന്നു. വപുസ്സിങ്കൽ നിന്ന ഒരു ബഹിൎഭാഗത്തിൽ നിഷ്ക്രമിച്ചിട്ട ദൂരത്തെ യാനംചെയ്യുന്നു. ഞാൻ ഇതിനെ തിൎയ്യക്കുകളുടെ ...മെന്ന മനനംചെയ്യുന്നു. എന്നാൽ വെമിപ്പുഎന്നു...

യി. ദോഷഘൂകന്മാർ അതിഭയംഹേതുവായിട്ട ഹൃദയനഭോവൎത്മത്തെ പരിത്യജിച്ചിട്ട ഘോരഘൂൽകാരഭാക്കുകളായിട്ട സോദ്ഘോഷമാകുംവണ്ണം ധാവനംചെയ്യുന്നു. ആ ഇവർ നവാൎക്കനെന്നപോലെ ഇരിക്കുന്ന യാതൊന്നിങ്കൽ നിന്ന ഭീതന്മാരായി ഭവിക്കുന്നുവോ ആ സ്കാന്ദമായിരിക്കുന്ന മഹസ്സു ഒരം അന്തൎഭാഗത്തിങ്കൽ വഴിപോലെ പ്രകാശിക്കേണമെ.

പരിഭാഷാ— വപുസ്സ്=ശരീരം. ബഹിൎഭാഗം=പുറം. നിഷ്ക്രമിക്ക=പുറപ്പെടുക. ദൂരം=ദൂരദേശം. യാനംചെയ്ക=ഉപദേശിച്ചുഗമിക്ക. തിൎയ്യക്കുകൾ=വിലങ്ങത്തിൽനടക്കുന്നവർ. വാരം=സമൂഹം. മനനംചെയ്ക=വിചാരിക്ക. വേദിക്ക=അറിക. ദോഷഘൂകന്മാർ=ദോഷങ്ങളാകുന്നഘൂകന്മാർ. ദോഷങ്ങൾ=രാഗദ്വേഷാദികൾ. ഘൂകന്മാർ=ഉലൂകപക്ഷികൾ. (ഊമന്മാർ). അതിഭയം=ഏറ്റവുമുള്ളഭയം. ഹൃദയനഭോവൎത്മം=ഹൃദയനഭസ്സിങ്കലെവൎത്മം. ഹൃദയനഭസ്സ്=ഹൃദയമാകുന്ന നഭസ്സ്. ഹൃദയം=മനസ്സ്. നഭസ്സ്=ആകാശം. വൎത്മം=വഴി. പരിത്യജിക്ക=ഉപേക്ഷിക്ക. ഘോരഘൂൽകാരഭാക്കുകൾ= ഘോരഘൂൽകാരങ്ങളെ ഭജിക്കുന്നവർ. ഘോരഘൂൽകാരങ്ങൾ= ഘോരങ്ങളായിരിക്കുന്നഘൂൽകാരങ്ങൾ. ഘോരങ്ങൾ=ഭയംകരങ്ങൾ. ഘൂൽകാരങ്ങൾ=ഘൂൽകരണങ്ങൾ. (മൂളലുകൾ) സോദ്ഘോഷം=ഉദ്ഘോഷത്തോടുകൂടിയത. ഉദ്ഘോഷം=വലിയ ശബ്ദം. ധാവനംചെയ്ക=ഓടുക. ഇവർ=ദോഷഘൂകന്മാർ. നവാൎക്കൻ=ബാലാദിത്യൻ. ഭീതന്മാർ=ഭയപ്പെട്ടവർ. (ശേഷം മേൽ പ്രകാരം).

സാരം— ഇക്കാണപ്പെടുന്ന പദാൎത്ഥം എന്തെന്ത എവിടെവിടെ നിന്ന ഉണ്ടായതാകുന്നു. ശരീരത്തിങ്കൽനിന്ന പുറത്തേക്ക ചാടി ഇതാ പോകുന്നു. പക്ഷിസമൂഹമെന്നു മാത്രമാണ കാണുംപോൾ തോന്നുന്നത. ഇത ഇന്നതാണെന്നും ഇപ്പോൾ ഞാനറിഞ്ഞു. എന്നിൽ കിടപ്പുള്ള രാഗദ്വേഷാദികളാകുന്ന ഉലൂകപക്ഷികൾ ഏറ്റവും വൎദ്ധിച്ചതായ ഭയംഹേതുവായിട്ട എന്റെ ഹൃദയമാകുന്ന ആകാശത്തെ ഉപേക്ഷിച്ചിട്ട ഘോരമായ മൂളലോടും പക്ഷധ്വനിയോടും കൂടുംവണ്ണം അതിവേഗേന പറന്ന അകലെപ്പോകുന്നു. ഇപ്രകാരമിരിക്കുന്ന ഒരം ദോഷോലൂകപക്ഷികൾ ബാലാദിത്യസദൃശമായിരിക്കുന്ന യാതൊരു സ്കന്ദതേജസ്സിങ്കൽനിന്ന ഭയത്തെ പ്രാപിച്ചവരായിയോ ആതേജസ്സ എന്റെ ഉള്ളിൽ നല്ലവണ്ണം പ്രകാശിക്കേണമെ.

൮. ദാശാനശാസ്യജിഷ്ണോഃശ്രമശമനമലം മൎത്ത്യനാം ഗ

ഷ്ഠം കാമീകൃഷ്ണസ്യപാണിഃ കിലയമലഭതപ്രാക്ക്ഷണം വാനവേതി। സന്ദിദെഹനിർജ്ജരാണാം ഗുരുരപിചപുരൊവൈദ്രുമീർജ്ജീവനാഡീർഭിന്ദാനം ദൈവഗ്രാഹ്യം തദരിജയിമഹസ്സ്കാന്ദമന്തസ്സമിന്ധാം॥

അന്വയം—കാമീ-കൃഷ്ണസ്യ- പാണിഃ-ജിഷ്ണോഃ- അശ്വസ്യ- അംഗപൃഷ്ഠം- അലം-മൎദ്ദയൻ- ശ്രമശമനം- ദാശ്വാൻ-പ്രാക്ക്ഷണം-യൽ-അലഭത-വാ-ന- വാ-ഇതി- നിർജ്ജരാണാം-ഗുരുഃ- അപി-ച-സന്ദിദെഹ-കില-പുരഃ- വൈദ്രുമീഃ-ജീവനാഡീഃ-ഭിന്ദാനം-ദൈവഗ്രാഹ്യം- അരിജയി-തൽ-സ്കാന്ദം-മഹഃ-അന്തഃ-സമിന്ധാം.

അന്വയാൎത്ഥം—കാമിയായിരിക്കുന്ന കൃഷ്ണന്റെ പാണിജിഷ്ണുവിന്റെ അശ്വത്തിന്റെ അംഗപൃഷ്ഠത്തെ ഏററവും മൎദ്ദയനായി ശ്രമശമനത്തെ ദാശ്വാനായിട്ട പണ്ടക്ഷണം മുഴുവൻ യാതൊന്നിലെ ലഭിച്ചുവൊ ഇല്ലയൊ എന്ന നിർജ്ജരന്മാരുടെ ഗുരുവും സന്ദെഹിക്കുന്നു പൊൽ. മുമ്പെ വൈദ്രുമികളായിരിക്കുന്ന ജീവനാഡികളെ ഭിന്ദാനമായി ദൈവഗ്രാഹ്യമായി അരിജയിയായിരിക്കുന്ന ആ സ്കാന്ദമായിരിക്കുന്ന മഹസ്സ അന്തൎഭാഗത്തിങ്കൽ വഴിപൊലെ പ്രകാശിക്കേണമെ.

പരിഭാഷ—കാമീ=കാമം ഉള്ളത-കാമം=അഭിലാഷം-(ഇച്ഛാ) കൃഷ്ണൻ=ശ്രീകൃഷ്ണൻ- പാണി=കൈ- ജിഷ്ണു=അൎജ്ജുനൻ- അശ്വം=കുതിര- അംഗപൃഷ്ഠം=ശരീരപൃഷ്ഠം- മൎദ്ദയൻ=മൎദ്ദിച്ചിയങ്ങുന്നവൻ-മൎദ്ദിക്ക=തിരുമ്മുക- ശ്രമശമനം=ശ്രമത്തിന്റെശമനം- ശ്രമം=തളൎച്ച- ശമനം=അഭാവം- ദാശ്വാൻ= ദാശിച്ചത- ദാശിക്ക=ദാനം ചെയ്ക- ക്ഷണം=ക്ഷണകാലം- നിർജ്ജരന്മാർ= ദെവന്മാർ- ഗുരു=ആചാൎയ്യൻ-(നിർജ്ജരന്മാരുടെ ഗുരു ബൃഹസ്പതി എന്ന മഹൎഷിയാകുന്നു) സന്ദെഹിക്ക=സംശയിക്ക- വൈദ്രുമികൾ=വിദ്രുമത്തെ സംബന്ധിച്ചവ- വിദ്രുമം=പവിഴം- ജീവനാഡികൾ=ജീവാധാരങ്ങളായിരിക്കുന്ന നാഡികൾ- ഭിന്ദാനം=നല്ലവണ്ണം ഭെദിച്ചത- ഭെദിക്ക=പിളൎക്കുക- ദൈവഗ്രാഹ്യം= ദൈവാധനം- അരിജയി=അരികളെ ജയിക്കുന്നത- അരികൾ= ശത്രുക്കൾ- (ശെഷം മെൽപ്രകാരം)

സാരം—പാൎത്ഥസാരഥിയായിരിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണൻ തന്റെ കയ്യിന്ന യാതൊരുതെജസ്സുപൊലെ ഉള്ളതെജസ്സ ഉണ്ടായാൽ കൊള്ളാമെന്നവിചാരിച്ചിട്ട അൎജ്ജുനാശ്വങ്ങളുടെ പൃഷ്ഠത്തെത്തിരുമ്പി തളൎച്ച തീൎത്തിട്ടും കൈകൊണ്ടു പണ്ട അതിനെ ലഭിച്ചുവൊ ഇല്ലയൊ എന്നുള്ള സംശയം ബൃഹസ്പതിക്കും തീ

ന്നിട്ടില്ല എന്നൊരുവാൎത്ത ഇന്നും ഭവിക്കുന്നുവൊ. പവിഴങ്ങളുടെ ജീവനാഡികളെ ഭെദിച്ചതായിയും ദൈവാധീനമായിയും ശത്രുക്കളെ ജയിച്ചതായിയുമിരിക്കുന്ന ആ സ്കന്ദതെജസ്സ എന്റെ ഉള്ളിൽ നല്ലവണ്ണം പ്രകാശിക്കെണമെ.

൭. ബൃന്ദൈരിന്ദീവരാണാംബഹുതമസുകൃതൈൎദ്ദൈവയൊഷെക്ഷണാനാമാരബ്ധെനാത്മനായദ്വഹതികില ശിഖീസംയമെനാവധൂതൈഃ। കശ്ചിൽകാശ്മീരരെണുപ്രണയിതദസുരപ്രാണനിൎമ്മൊക്ഷകാരം ദൂരംതെജഃഖലാനാംവലരിപുമനയൽസ്കാന്ദമന്തസ്സമിന്ധാം॥

അന്വയം—കശ്ചിൽ-ശിഖീ- സംയമെന- അവധൂതൈഃ- ബഹുതമസുകൃതൈഃ- ദൈവയൊഷെക്ഷണാനാം- ഇന്ദീവരാണാം-ബൃന്ദൈഃ- ആരബ്ധെ-ന-കില- ആത്മനാ- യൽ-വഹതി- കാശ്മീരരെണുപ്രണയി-അസുരപ്രാണനിൎമ്മൊക്ഷകാരം- ഖലാനാം-ദൂരം-വലരിപും- അനയൽ-സ്കാന്ദം തൽ-തെജഃ- അന്തഃ- സമിന്ധാം-

അന്വയാൎത്ഥം—ഒരുശിഖ സംയമംകൊണ്ടു അവധൂതങ്ങളായി ബഹുതമസുകൃതങ്ങളായിരിക്കുന്ന ദൈവയൊഷെക്ഷണങ്ങളാകുന്ന ഇന്ദീവരങ്ങളുടെ ബൃന്ദങ്ങൾകൊണ്ടു ആരബ്ധമൊ എന്നതൊന്നുമാറായിരിക്കുന്ന ആത്മാവുകൊണ്ടു യാതൊന്നിനെ വഹിക്കുന്നുവൊ. കാശ്മീരരെണു പ്രണയിയായി അസുരപ്രാണനിൎമ്മൊക്ഷകാരമായി ഖലന്മാൎക്ക ദൂരമായി വലരിപുവിനെ അനയത്തായി സ്കാന്ദമായിരിക്കുന്ന ആ തെജസ്സ അന്തൎഭാഗത്തിങ്കൽ വഴിപൊലെ പ്രകാശിക്കെണമെ.

പരിഭാഷാ— ശിഖി= മയിൽ- സംയമം= ജിതെന്ദ്രിയത്വം- അവധൂതങ്ങൾ= അവധൂനനംചെയ്യപ്പെട്ടവ-അവധൂനനം ചെയ്ക= നിസ്സാരബുദ്ധികൈക്കൊണ്ടു ഉപെക്ഷിക്ക- ബഹുതമസുകൃതങ്ങൾ= ബഹുതമമായിരിക്കുന്ന സുകൃതത്തൊടു കൂടിയവ- ബഹുതമം= ഏററവുംബഹു- സുകൃതം= പുണ്യം- ദൈവയൊഷെക്ഷണങ്ങൾ= ദൈവയൊഷകളുടെ ഈക്ഷണങ്ങൾ- ദൈവയൊഷകൾ=ദെവസ്ത്രീകൾ- ഈക്ഷണങ്ങൾ=കണ്ണുകൾ- ഇന്ദീവരങ്ങൾ=കരിംകൂവളപ്പൂക്കൾ- ആരബ്ധം=ആരംഭിക്കപ്പെട്ടത- ആരംഭിക്ക=സൃഷ്ടിക്ക- ആത്മാവ=ദെഹം- വഹിക്ക=ധരിക്ക- കാശ്മീരരെണുപ്രണയി=കാശ്മീരരെണുവിങ്കൽ പ്രണയി- കാശ്മീരരെണു=കാശ്മീരത്തിന്റെരെണു- കാശ്മീരം=കുംകുമം- രെണു=പൊടി- പ്രണയി=പ്രണയമുള്ളത- പ്രണയം=സ്നെഹം-

സുരപ്രാണനിൎമ്മോക്ഷകാരം= അസുരപ്രാണനിൎമ്മോക്ഷത്തെ ചെയ്യുന്നത- അസുരപ്രാണനിൎമ്മോക്ഷം= അസുരന്മാരുടെ പ്രാണനിൎമ്മോക്ഷം- പ്രാണനിൎമ്മോക്ഷം=വധം- ഖലന്മാർ= ദുഷ്ടന്മാർ- ദൂരം=ദുഷ്പ്രാപം- (അടുത്തു കൂടാത്തത.) വലരിപു=ഇന്ദ്രൻ- അനുയത്= അനുയാനംചെയ്യുന്നത- അനുയാനം ചെയ്ക=അനുഗമിക്ക- (ശെഷം മെൽപ്രകാരം)

സാരം—ഒരു മയിൽ ജിതെന്ദ്രിയത്വത്തിന്റെ ബലംകൊണ്ട ദെവസ്ത്രീകൾ രാഗത്തോട കൂടെ പലപ്രാവിശ്യം തന്നെ നൊക്കി എങ്കിലും സ്വാമിയാൽ നിസ്സാരബുദ്ധികൊണ്ട ആ സമയങ്ങളിൽ ഉപെക്ഷിക്കപ്പെട്ടതുകളായിയും എത്രയും വളരെ പുണ്യത്തോട കൂടിയതുകളായിയുമിരിക്കുന്ന ദെവസ്ത്രീകളുടെ കണ്ണുകളാകുന്ന കരിങ്കൂവളപ്പൂക്കൾകൊണ്ട സൃഷ്ടിക്കപ്പെട്ടതൊ എന്നതൊന്നുമാറായിരിക്കുന്ന ശരീരംകൊണ്ട യാതൊന്നിനെ വഹിക്കുന്നുവൊ. കുങ്കുമപ്പൊടിയുടെ നിറംപൊലെ ഇരിക്കുന്ന നിറത്തോടകൂടിയതായിയും അസുരസംഹാരത്തെ ചെയ്യുന്നതായിയും ദുഷ്ടന്മാൎക്ക അടുത്തുകൂടാത്തതായിയും ഇന്ദ്രന്ന സഹായമായിയുമിരിക്കുന്ന ആ സ്കന്ദതെജസ്സ എന്റെ ഉള്ളിൽനല്ലവണ്ണംപ്രകാശിക്കെണമെ-

൬. കിന്തദ്ബ്രഹ്മൈവസാക്ഷാൽകിമിദമുതജഗന്മാതുരുഗ്രംതപഃകിം പ്രാണാന്നൂനംമഘൊനഃകിമുതകിമസുരാനീകിനീ കാളരാത്രിഃ। ഇത്യന്തശ്ശൈവതെജശ്ശബളിതപരമവ്യൊമ്നിയസ്മിൻവിതൎക്കാമെവഷീണാമജസ്രംതദതിഗുരുമഹസ്സ്കാന്ദമന്തസ്സമിന്ധാം॥

അന്വയം—ശൈവതെജശ്ശബളിതപരമവ്യൊമ്നി-യസ്മിൻ- ഇദം- കിം- സാക്ഷാൽ- തൽ- ബ്രഹ്മ- എവ- കിം- ഉത- ജഗന്മാതുഃ- ഉഗ്രം-തപഃ- കിം- ഉത- മഘൊനഃ-പ്രാണാഃ- നൂനം- കിം- ഉത- അസുരാനീകിനീകാളരാത്രിഃ- കിം- ഇതി- മെവഷീണാം- അന്തഃ- വിതൎക്കഃ-അജസ്രം- ഭവതി-അതിഗുരു- സ്കാന്ദം- തൽ- മഹഃ- അന്തഃ- സമിന്ധാം.

അന്വയാൎത്ഥം—ശൈവതെജശ്ശബളിതപരമവ്യൊമമായിരിക്കുന്ന യാതൊന്നിങ്കൽ ഇതഎന്താകുന്നു. പ്രത്യക്ഷമായിരിക്കുന്ന ആ ബ്രഹ്മം തന്നെയൊ അല്ലെങ്കിൽ ജഗന്മാതാവിന്റെ ഉഗ്രമായിരിക്കുന്ന തപസ്സൊ. അല്ല എങ്കിൽ മഘവാവിന്റെ പ്രാണങ്ങളൊ. അല്ലഎങ്കിൽ അസുരാനീകിനീകാളരാത്രിയൊ. ഇപ്രകാരം മെവഷീകളുടെ അന്തൎഭാഗത്തിങ്കൽ വിതൎക്കം എല്ലാസ...വും ഭവിക്കുന്നുവൊ. അതിഗുരുവായി സ്കാന്ദമായിരിക്കുന്ന

ആ മഹസ്സ അന്തൎഭാഗത്തിങ്കൽ വഴിപോലെ പ്രകാശിക്കെണമെ.

പരിഭാഷാ—ശൈവതെജശ്ശബളിതപരമവ്യൊമം= ശൈവതെജശ്ശബളിതമായിരിക്കുന്ന പരമവ്യൊമം- ശൈവതെജശ്ശബളിതം=ശൈവതെജസ്സിനാൽ ശബളിതം- ശൈവതെജസ്സ = ശൈവമായിരിക്കുന്ന തെജസ്സ- ശൈവം=ശിവസംബന്ധി- ശബളിതം=ശബളമാക്കപ്പെട്ടത-ശബളം=ചിത്രം-പരമവ്യൊമം= പരമാകാശം- ജഗന്മാതാവ=പാൎവ്വതി- ഉഗ്രം=കഠിനം- മഘവാവ=ഇന്ദ്രൻ- പ്രാണങ്ങൾ=ജീവവായുക്കൾ- അസുരാനീകിനീകാളരാത്രി=അസുരാനീകിനിയുടെ കാളരാത്രി- അസുരാനീകിനീ= അസുരസെനാ-കാളരാത്രി=മരണദിനത്തിന്റെ തലെനാളത്തെ രാത്രി- ദെവൎഷികൾ-ദെവമുനികൾ- (മരീചി, അത്രി, ഭൃഗു ഇത്യാദികളായ മഹൎഷിമാർ) അന്തൎഭാഗം=ഉള്ള- വിതൎക്കം=സംശയം- അതിഗുരു=ഏറ്റവും ഗുരു- ഗുരു=മഹത്ത-(ശെഷംമെൽപ്രകാരം)

സാരം—ശിവതെജസ്സിന്റെ സംസൎഗ്ഗത്താൽ ഉണ്ടാക്കപ്പെട്ടതായ ചിത്രതയൊടു കൂടിയതായ പരമാകാശമായിരിക്കുന്ന യാതൊന്നിങ്കൽ ദിവ്യന്മാരായിരിക്കുന്ന മഹൎഷിമാൎക്ക ഇത സാക്ഷാൽ ബ്രഹ്മംതന്നെയൊ അല്ലാ എങ്കിൽ മൂൎത്തിമത്തായിരിക്കുന്ന പാൎവ്വതിയുടെ കഠിനതപസ്സൊ അതുമല്ല എങ്കിൽ ഇന്ദ്രന്റെപ്രാണനൊ അതുമല്ല എങ്കിൽ അസുരസൈന്യങ്ങളുടെ കാളരാത്രിയൊ എന്താകുന്നു എന്നിപ്രകാരം വിതൎക്കം എല്ലാസമയവും ഭവിക്കുന്നുവൊ. ഏറ്റവും മഹത്തായിരിക്കുന്ന ആ സ്കന്ദതെജസ്സ എന്റെ ഉള്ളിൽ എല്ലാസമയവും പ്രകാശിക്കെണമെ.

൮. ഹെലൊകാ യൂയമിത്ഥംജപത ദിനമുഖെ ഭീഷ്ടദംസ്കാന്ദമെത ന്നിത്യംഭക്ത്യാപ്രയുക്താമിളിതമുരുഗുണൈരഷ്ടകം ശുദ്ധദെഹാഃ। യദ്യെവംകിന്നസിദ്ധ്യെദുരുതരകൃപയാഹനായയുഷ്മാകമിഷ്ടം ദെവസ്യാശുപ്രസാദം ഭജതഇഹനിജാരാധകെസ്മിൻമയിവ॥

അന്വയം— ഹെലൊകാഃ- യൂയം- ഇത്ഥം- അഭീഷ്ടദം- ഉരുഗുണൈഃ- മിളിതം- സ്കാന്ദം- എതൽ- അഷ്ടകം- ഭക്ത്യാ-പ്രയുക്താഃ- ശുദ്ധദെഹാഃ- ദിനമുഖെ- നിത്യം- ജപത- എവം-യദി- അസ്മിൻ- മയി- ഇവ-ഇഹ- നിജാരാധകെ- ആശു- പ്രസാദം- ഭജതഃ-ദെവസ്യ- ഉരുതരകൃപയാ- യുഷ്മാകം- കിം-ഷ്ടം- അഹനായ- ന- സിദ്ധ്യെൽ_

അന്വയാൎത്ഥം—അല്ലയൊ ലൊകങ്ങളെ നിങ്ങൾ ഇപ്രകാരം അഭീഷ്ടദമായി ഉരുഗുണങ്ങളൊടു മിളിതമായി സ്കാന്ദമായിരിക്കുന്ന ഈ അഷ്ടകത്തെ ഭക്തിയൊടെ പ്രയുക്തന്മാരായി ശുദ്ധദെഹന്മാരായിട്ടു ദിനമുഖത്തിങ്കൽ നിത്യമായി ജപിച്ചാലും. ഇപ്രകാരം ചെയ്യുമെങ്കിൽ ഈ എങ്കലെന്നപൊലെ ഇവിടെ നിജാരാധകങ്കൽ പൊടുന്നനവെ പ്രസാദത്തെ ഭജന്നായിരിക്കുന്ന ദെവന്റെ ഉരുതരകൃപ ഹെതുവായിട്ടു നിങ്ങളുടെ എതൊരു ഇഷ്ടം പൊടുന്നനവെ സിദ്ധിക്കയില്ല.

പരിഭാഷാ— ലൊകങ്ങൾ= ജനങ്ങൾ- അഭീഷ്ടദം= അഭീഷ്ടത്തെ ദാനംചെയ്യുന്നത- ഉരുഗുണങ്ങൾ= ഉരുക്കളായിരിക്കുന്ന ഗുണങ്ങൾ- ഉരുക്കൾ= ബെഹുക്കൾ- മിളിതം=ചെൎന്നത- സ്കാന്ദം= സ്കന്ദനെ സംബന്ധിച്ചിരിക്കുന്നത- സ്കന്ദൻ= സുബ്രഹ്മണ്യൻ- പ്രയുക്തന്മാർ= നല്ലവണ്ണംയൊജിച്ചവർ- ശുദ്ധദെഹന്മാർ= ശുദ്ധശരീരന്മാർ- ദിനമുഖം=പ്രഭാതം- നിജാരാധകൻ= തന്നെആരാധിക്കുന്നവൻ- ആരാധിക്ക= പൂജിക്ക- ഭജൻ= ഭജിച്ചിയങ്ങുന്നവൻ- ഭജിക്ക= ആശ്രയിക്ക- ദെവൻ= സുബ്രഹ്മണ്യൻ- ഉരുതരകൃപാ= ഉരുതരയായിരിക്കുന്ന കൃപാ- ഉരുതരാ= എറ്റവും ഉരു- ഉരു= പെരുകിയിരിക്കുന്നത- കൃപാ= കരുണാ-

സാരം— അല്ലയൊ ജനങ്ങളെ നിങ്ങൾ അഭീഷ്ടദാനത്തിന്ന മതിയായിരിക്കുന്നതായിയും അനെക ഗുണങ്ങളൊടു കൂടിയതായിയും സുബ്രഹ്മണ്യ സംബന്ധിയായിയുമിരിക്കുന്ന ഈ അഷ്ടകത്തെ ഭക്തിയൊടു നല്ലവണ്ണം യൊജിച്ചവരായിട്ടും ശുദ്ധശരീരന്മാരായിട്ടും ഭവിച്ചിട്ടു പുലൎച്ചസമയത്തിങ്കൽ നിത്യമായി ജപിച്ചാലും. ഇങ്ങിനെ ചെയ്യുമെങ്കിൽ ഈ എങ്കലെന്നപൊലെ ഇവിടെ എവനൊരുത്തൻ തന്നെ ആരാധിക്കുന്നുവൊ അവൻകൽ പൊടുന്നനവെ സന്തൊഷത്തെ പ്രാപിച്ചിയങ്ങുന്നവനായ സുബ്രഹ്മണ്യസ്വാമിയുടെ എറ്റവും പെരുകിയതായ കരുണ ഹെതുവായിട്ടു നിങ്ങളുടെ സൎവ്വാഭീഷ്ടവും സിദ്ധമായി ഭവിക്കുമെന്ന അറിഞ്ഞുകൊൾവിൻ.

ഇതി വാശാദെസാപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃത സ്കന്ദാഷ്ടകസ്തൊത്രം സവ്യാഖ്യാസഹസമാപ്തം.

ഹനുമദഷ്ടകം

൧. രഘുനാഥപദാംഭോജമകരന്ദമധുവ്രതം । ശാഖാമൃഗവരം വീരം ഹനുമന്തമുപാസ്മഹേ ॥

അന്വയം — വയം – രഘുനാഥപദാംഭോജമകരന്ദമധുവ്രതം – ശാഖാമൃഗവരം – വീരം – ഹനുമന്തം – ഉപാസ്മഹേ –

അന്വയാൎത്ഥം — ഞങ്ങൾ രഘുനാഥ പദാംഭോജ മകരന്ദമധുവ്രതമായി ശാഖാമൃഗവരനായി വീരനായിരിക്കുന്ന ഹനുമാനെ ഉപാസിക്കുന്നു.

പരിഭാഷാ — രഘുനാഥപദാംഭോജ മകരന്ദമധുവ്രതം = രഘുനാഥപദാംഭോജ മകരന്ദത്തിന്നു മധുവ്രതം – രഘുനാഥപദാംഭോജ മകരന്ദം = രഘുനാഥപദാംഭോജത്തിന്റെ മകരന്ദം – രഘുനാഥപദാംഭോജം = രഘുനാഥന്റെ പദാംഭോജം – രഘുനാഥൻ = ശ്രീരാമൻ – പദാംഭോജം = പാദാരവിന്ദം – (കാലാകുന്ന താമരപ്പൂവ്വ് മകരന്ദം = രസം – മധുവ്രതം = വണ്ടു – ശാഖാമൃഗവരൻ = ശാഖാമൃഗങ്ങളിൽവെച്ചു വരൻ – ശാഖാമൃഗങ്ങൾ = വാനരന്മാർ – വരൻ = ശ്രേഷ്ഠൻ – വീരൻ = ഉത്സാഹസഹിതൻ – ഹനുമാൻ = ഹനുമാനെന്ന വാനരൻ – ഉപാസിക്ക = സേവിക്ക.

സാരം — ശ്രീരാമപാദഭജനത്തിങ്കൽ എല്ലാസമയവും താല്പൎയ്യത്തോടുകൂടിയവനായിയും വാനരന്മാരിൽവെച്ചു ശ്രേഷ്ഠനായിയും സൽകാൎയ്യത്തെക്കുറിച്ചു എല്ലാസമയവും പ്രബലമായ ഉത്സാഹത്തോടു കൂടിയവനായിയുമിരിക്കുന്ന ഹനുമാനെ ഞങ്ങൾ സേവിക്കുന്നു.

൨. നന്ദനംമരുതോയുക്തമണിമാദിവിഭൂതിഭിഃ। അന്തേവാസിനമൎക്കസ്യ ഹനുമന്തമുപാസ്മഹേ॥

അന്വയം — വയം – മരുതഃ – നന്ദനം – അണിമാദിവിഭൂതിഭിഃ – യുക്തം – അൎക്കസ്യ – അന്തേവാസിനം – ഹനുമന്തം – ഉപാസ്മഹേ –

അന്വയാൎത്ഥം — ഞങ്ങൾ മരുത്തിന്റെ നന്ദനനായി അണിമാദിവിഭൂതികളോടു യുക്തനായി അൎക്കന്റെ അന്തേവാസിയായിരിക്കുന്ന ഹനുമാനെ ഉപാസിക്കുന്നു.

പരിഭാഷാ — മരുത്ത = വായു – നന്ദനൻ = പുത്രൻ – അണിമാദിവിഭൂതികൾ = അണിമാദികളായിരിക്കുന്ന വിഭൂതികൾ – അണിമാദികൾ = അണിമാവുതുടങ്ങിയുള്ളവ – അണിമാവ = അണുത്വം – (വളരെ ചെറുതാക –) വിഭൂതികൾ = ഐശ്വൎയ്യങ്ങൾ – യുക്തൻ = കൂടിയവൻ – അൎക്കൻ = ആദിത്യൻ – അന്തേവാസി = ശിഷ്യൻ

(ശെഷം മെൽപ്രകാരം—)

സാരം—വായു പുത്രനായിയും അണിമാദ്യൈശ്വൎയ്യങ്ങളൊടു കൂടിയവനായിയും ഐന്ദ്രവ്യാകരണത്തെ ആദിത്യങ്കൽനിന്ന ഗ്രഹിക്കുക നിമിത്തമായിട്ട ആദിത്യന്റെ ശിഷ്യത്വമുള്ളവനായിയുമിരിക്കുന്ന ഹനുമാനെ ഞങ്ങൾ സെവിക്കുന്നു.

൩. ആഞ്ജനെയംമഹാസത്വംസുഗ്രീവസ്യൈകമന്ത്രിണം। വാഗ്മിനംബ്രഹ്മചൎയ്യസ്ഥംഹനുമന്തമുപാസ്മഹെ॥

അന്വയം—വയം-ആഞ്ജനെയം- മഹാസത്വം-സുഗ്രീവസ്യ-എകമന്ത്രിണം-വാഗ്മിനം-ബ്രഹ്മചൎയ്യസ്ഥം-ഹനുമന്തം- ഉപാസ്മഹെ-

അന്വയാൎത്ഥം—ഞങ്ങൾ ആഞ്ജനെയനായി മഹാസത്വനായി സുഗ്രീവന്റെ എകമന്ത്രിയായി വാഗ്മിയായി ബ്രഹ്മചൎയ്യസ്ഥനായിരിക്കുന്ന ഹനുമാനെ ഉപാസിക്കുന്നു.

പരിഭാഷാ—ആഞ്ജനെയൻ=അഞ്ജനയുടെപുത്രൻ- അഞ്ജനാ=അഞ്ജനാഎന്നസ്ത്രീ- മഹാസത്വൻ=മഹത്തായിരിക്കുന്ന സത്വത്തൊടു കൂടിയവൻ- മഹത്ത=വലുതായിരിക്കുന്നത- സത്വം=പരാക്രമം- സുഗ്രീവൻ=സുഗ്രീവനെന്ന വാനരാധിപതി- എകമന്ത്രി=പ്രധാനമന്ത്രി- വാഗ്മി=നല്ലവാക്കൊടുകൂടിയവൻ- ബ്രഹ്മചൎയ്യസ്ഥൻ=ബ്രഹ്മചൎയ്യത്തെ ഉപെക്ഷിക്കാത്തവൻ- ബ്രഹ്മചൎയ്യം=ബ്രഹ്മചൎയ്യമെന്നവ്രതം- (ശെഷം മെൽപ്രകാരം.)

സാരം—അഞ്ജനാപുത്രനായിയും മഹാപരാക്രമനായിയും സുഗ്രീവന്റെ മുഖ്യമന്ത്രിയായിയും നല്ലവാക്കൊടുകൂടിയവനായിയുമിരിക്കുന്ന ഹനുമാനെ ഞങ്ങൾ ഉപാസിക്കുന്നു.

൪. സാക്ഷിണംരാമസുഗ്രീവസഖ്യസ്യാജ്ഞാതവെദസം। സീതാശൊകഷ്ണൊല്മുകംഹനുമന്തമുപാസ്മഹെ॥

അന്വയം—വയം-രാമസുഗ്രീവസഖ്യസ്യ-അജ്ഞാതവെദസം- സാക്ഷിണം-സീതാശൊകഷ്ണൊല്മുകം- ഹനുമന്തം-ഉപാസ്മഹെ-

അന്വയാൎത്ഥം—ഞങ്ങൾ രാമസുഗ്രീവസഖ്യത്തിന്റെ അജ്ഞാതവെദസ്സായിരിക്കുന്നസാക്ഷിയായിസീതാശൊകഷ്ണൊല്മുകനായിരിക്കുന്ന ഹനുമാനെ ഉപാസിക്കുന്നു.

പരിഭാഷാ— രാമസുഗ്രീവസഖ്യം=രാമസുഗ്രീവന്മാരുടെസഖ്യം- രാമസുഗ്രീവന്മാർ=രാമനുംസുഗ്രീവനും- അജ്ഞാതവെദസ്സ്=ജ്ഞാതവെദസ്സില്ലാത്തവൻ- ജ്ഞാതവെദസ്സ=അഗ്നി- സീതാ

ഗവേഷണോദ്യുക്തൻ=സീതാഗവേഷണത്തിന്നായിക്കൊണ്ടു ഉദ്യുക്തൻ_സീതാഗവേഷണം=സീതാന്വേഷണം-ഉദ്യുക്തൻ= ഉത്സാഹിച്ചവൻ- (ശേഷം മെൽപ്രകാരം.)

സാരം—ശ്രീരാമസുഗ്രീവന്മാരുടെ സഖ്യത്തിന്ന അഗ്നിയെ ഒഴിച്ചുള്ള സാക്ഷിയായിയും സീതാന്വേഷണത്തിന്നായിക്കൊണ്ടു ഉത്സാഹിച്ചവനായിയുമിരിക്കുന്ന ഹനുമാനെ ഞങ്ങൾ സെവിക്കുന്നു.

൫. ലീലാവിലംഘിതാണ്ണോധിം മൈഥിലീശോകസൂദനം। ഭഗ്നരക്ഷോവരോദ്യാനം ഹനുമന്തമുപാസ്മഹെ॥

അന്വയം—വയം-ലീലാവിലംഘിതാണ്ണോധിം- മൈഥിലീശോകസൂദനം-ഭഗ്നരക്ഷോവരോദ്യാനം- ഹനുമന്തം-ഉപാസ്മഹെ-

അന്വയാൎത്ഥം—ഞങ്ങൾ ലീലാവിലംഘിതാണ്ണോധിയായി മൈഥിലീശോകസൂദനനായി ഭഗ്നരക്ഷോവരോദ്യാനനായിരിക്കുന്ന ഹനുമാനെ ഉപാസിക്കുന്നു.

പരിഭാഷാ—ലീലാവിലംഘിതാണ്ണോധി=ലീലാവിലംഘിതമായിരിക്കുന്ന അണ്ണോധിയൊടു കൂടിയവൻ- ലീലാവിലംഘിതം= അനായാസേന വിലംഘിക്കപ്പെട്ടത- അനായാസം=അപ്രയാസം- വിലംഘിക്ക=കടക്കുക- അണ്ണോധി=സമുദ്രം- മൈഥിലീശോകസൂദനൻ=മൈഥിലീശോകത്തെ സൂദിച്ചവൻ- മൈഥിലീശോകം=മൈഥിലിയുടെ ശോകം-മൈഥിലീ=സീതാ-ശോകം= ദുഃഖം- സൂദിക്ക=നശിപ്പിക്ക- ഭഗ്നരക്ഷോവരോദ്യാനൻ=ഭഗ്നമായിരിക്കുന്ന രക്ഷോവരോദ്യാനത്തൊടു കൂടിയവൻ- ഭഗ്നം= ഭഞ്ജിക്കപ്പെട്ടത- ഭഞ്ജിക്ക=തകൎക്കുക- രക്ഷോവരോദ്യാനം=രക്ഷോവരന്റെ ഉദ്യാനം- രക്ഷോവരൻ=രാവണനെൻ- ഉദ്യാനം= പൂങ്കാവ- (ശേഷം മെൽപ്രകാരം-)

സാരം—പ്രയാസത്തൊടുകൂടാതെ സമുദ്രത്തെ ലംഘിച്ചവനായിയും സീതയുടെ ദുഃഖത്തെ ശമിപ്പിച്ചവനായിയും രാവണന്റെ ഉദ്യാനത്തിങ്കലുണ്ടായിരുന്ന വൃക്ഷലതാദികളെ നശിപ്പിച്ചവനായിയുമിരിക്കുന്ന ഹനുമാനെ ഞങ്ങൾ സെവിക്കുന്നു.

൬. മശകാനിവ രക്ഷാംസി ഹതവന്തമനെകശഃ। ബലിനാമപി ദുദ്ധൎഷം ഹനുമന്തമുപാസ്മഹെ॥

അന്വയം—വയം-മശകാൻ-ഇവ-അനെകശഃ-രക്ഷാംസി- ഹതവന്തം-ബലിനാം- അപി-ദുദ്ധൎഷം- ഹനുമന്തം_ ഉപാസ

അന്വയാൎത്ഥം—ഞങ്ങൾ മശകങ്ങളെ എന്നപൊലെ വളരെ രക്ഷസ്സുകളെ ഹതവാനായി ബലികൾക്കും ദുൎദ്ധൎഷനായിരിക്കുന്ന ഹനുമാനെ ഉപാസിക്കുന്നു.

പരിഭാഷാ—മശകങ്ങൾ= കൊതുക്കൾ- രക്ഷസ്സുകൾ=രാക്ഷസന്മാർ-ഹതവാൻ=ഹനിച്ചവൻ- ഹനിക്ക=കൊല്ലുക- ബലികൾ=ബലവാന്മാർ- ദുൎദ്ധൎഷൻ=ദുരഭിഭവൻ- (അടുത്തുകൂടാത്തവൻ)- (ശെഷംമെൽപ്രകാരം-)

സാരം—കൊതുക്കളെ അടിച്ചു കൊല്ലുന്നതുപൊലെ അനെക രാക്ഷസന്മാരെ അടിച്ചു കൊന്നവനായിയും ബലവന്മാൎക്കു കൂടെ വിരൊധഭാവെന അടുത്തു കൂടാത്തവനായിയുമിരിക്കുന്ന ഹനുമാനെ ഞങ്ങൾ സെവിക്കുന്നു.

൭. അവമത്യദശഗ്രീവമക്ഷാദിക്ഷപണൊദ്യതം। അഗണ്യ
മഹിമൊപെതംഹനുമന്തമുപാസ്മഹെ॥

അന്വയം—വയം- ദശഗ്രീവം-അവമത്യ- അക്ഷാദിക്ഷപണൊദ്യതം-അഗണ്യമഹിമൊപെതം- ഹനുമന്തം- ഉപാസ്മഹെ-

അന്വയാൎത്ഥം—ഞങ്ങൾ ദശഗ്രീവനെ അവമാനിച്ചിട്ടു അക്ഷാദിക്ഷപണൊദ്യതനായി അഗണ്യമഹിമൊപെതനായിരിക്കുന്ന ഹനുമാനെ ഉപാസിക്കുന്നു.

പരിഭാഷാ—ദശഗ്രീവൻ=രാവണൻ- അവമാനിക്ക=മാനിക്കാതെഇരിക്ക- മാനിക്ക=ബഹുമാനിക്ക- അക്ഷാദിക്ഷപണൊദ്യതൻ=അക്ഷാദിക്ഷപണത്തിന്നായിക്കൊണ്ടു ഉദ്യതൻ-അക്ഷാദിക്ഷപണം= അക്ഷാദികളുടെ ക്ഷപണം- അക്ഷാദികൾ= അക്ഷൻതുടങ്ങിയുള്ളവർ- അക്ഷൻ=അക്ഷകുമാരൻ- ക്ഷപണം= വധം-ഉദ്യതൻ=ഉത്സാഹിച്ചവൻ- അഗണ്യമഹിമൊപെതൻ= അഗണ്യമായിരിക്കുന്നമഹിമാവൊടു കൂടിയവൻ- അഗണ്യം=ഗണിക്കപ്പെടുവാൻ അശക്യം- ഗണിക്ക=ഇത്രയുണ്ടുഎന്നനിശ്ചയിക്ക-അശക്യം=കഴിയാത്തത-മഹിമാവ=മഹത്വം-(വലുപ്പം-) (ശെഷംമെൽപ്രകാരം.)

സാരം—രാവണനെ അല്പംപൊലും ബഹുമാനിക്കാതെ രാവണപുത്രനായിരിക്കുന്ന അക്ഷൻ മുതലായ രാക്ഷസരെ കൊല്ലുവാൻ ഉത്സാഹിച്ചവനായിയും ഇത്ര ഉണ്ടെന്ന നിശ്ചയിപ്പാൻ ഒരുത്തൎക്കും കഴിയാത്തതായ മഹത്വത്തൊടു കൂടിയവനായിയുമിരിക്കുന്ന ഹനുമാനെ ഞങ്ങൾ ഉപാസിക്കുന്നു.

൮. ലംകാഭസ്മീകൃതിഖ്യാതംജിഷ്ണൊസ്സുഹൃദമുത്തമം। ലക്ഷ്മണ
ന്നദാതാരംഹനുമന്തമുപാസ്മഹെ॥

അന്വയം—വയം- ലംകാഭസ്മീകൃതിഖ്യാതം-ജിഷ്ണോഃ- ഉത്തമം-സുഹൃദം-ലക്ഷ്മണപ്രാണദാതാരം- ഹനുമന്തം-ഉപാസ്മഹെ-

അന്വയാൎത്ഥം—ഞങ്ങൾ ലംകാഭസ്മീകൃതിഖ്യാതനായി ജിഷ്ണുവിന്റെ ഉത്തമനായിരിക്കുന്ന സുഹൃത്തായി ലക്ഷ്മണപ്രാണദാതാവായിരിക്കുന്ന ഹനുമാനെ ഉപാസിക്കുന്നു-

പരിഭാഷാ— ലംകാഭസ്മീകൃതിഖ്യാതൻ=ലംകാഭസ്മീകൃതിഹെതുവായിട്ടഖ്യാതൻ- ലംകാഭസ്മീകൃതി=ലംകയുടെഭസ്മീകൃതി- ലംകാ=ലംകായെന്നരാജധാനീ- ഭസ്മീകൃതി=ഭസ്മീകരണം- (ഭസ്മമാക്കുക)- ഖ്യാതൻ=പ്രസിദ്ധൻ-ജിഷ്ണു=അൎജ്ജുനൻ- ഉത്തമൻ=ശ്രെഷ്ഠൻ- സുഹൃത്ത=സഖി-ലക്ഷ്മണപ്രാണദാതാവ= ലക്ഷ്മണനെ ജീവിപ്പിച്ചവൻ- (ശെഷം മെല പ്രകാരം)- ിരി പര ശ്രാ ന്സ ിടം.

സാരം—ലംകാപുരത്തെ ഭസ്മമാക്കിയതു ഹെതുവായിട്ട ഏറ്റവും പ്രസിദ്ധിയെ പ്രാപിച്ചവനായിയും അൎജ്ജുനന്റെ മുഖ്യനായിരിക്കുന്നൊരു സഖിയായും ഇന്ദ്രജിത്തിന്റെ യുദ്ധത്തിങ്കൽ മരിച്ചു പൊയ ലക്ഷ്മണനെ മരുന്നു കൊണ്ടു ജീവിപ്പിച്ചവനായിയുമിരിക്കുന്ന ഹനുമാനെ ഞങ്ങൾ സെവിക്കുന്നു.

൯. യൊമൎത്ത്യഃപ്രജപെദിത്ഥംനിത്യംഹനുമദഷ്ടകം।അഭയം സൎവ്വതൊവിന്ദെൽസഭ്രതപാഹനുമൽപ്രിയഃ॥

അന്വയം—യഃ-മൎത്ത്യഃ- ഇത്ഥം-ഹനുമദഷ്ടകം- നിത്യം-പ്രജപെൽ-സഃ-ഹനുമൽപ്രിയഃ-ഭ്രതപാ-സൎവ്വതഃ-അഭയം-വിന്ദെൽ-

അന്വയാൎത്ഥം—യാതൊരുമൎത്ത്യൻ ഇപ്രകാരം ഹനുമദഷ്ടകത്തെ നിത്യമായി പ്രജപിക്കുമൊ അവൻ ഹനുമൽ പ്രിയനായി ഭവിച്ചിട്ട സൎവ്വത്തിങ്കൽ നിന്നും അഭയത്തെ ലഭിക്കും.

പരിഭാഷാ—മൎത്ത്യൻ=മനുഷ്യൻ- പ്രജപിക്ക= ഭക്തിശ്രദ്ധാപൂൎവ്വകമായി ജപിക്കുക. ഹനുമൽപ്രിയൻ=ഹനുമാന്റെപ്രിയൻ- പ്രിയൻ= ഇഷ്ടൻ- സൎവ്വം= ഒട്ടൊഴിയാതെ ഉള്ളത- അഭയം= ഭയാഭാവം- (ഭയമില്ലായ്ക)-

സാരം— യാവനൊരുത്തൻ ഇപ്രകാരം ഹനുമദഷ്ടകത്തെ ഭക്തിശ്രദ്ധാ പൂൎവകമായി ജപിക്കുന്നുവൊ അവൻ ഹനുമാന്റെ ഇഷ്ടനായി ഭവിച്ചിട്ട ഒന്നിങ്കൽ നിന്നും ഭയമില്ലാത്തവനായി ഭവിക്കും. (സൎവത്രനിൎഭയനായി ഭവിക്കുമെന്നുമാം. അപ്രകാരമാകുംപൊൾ സൎവതഃ എന്നതിന്ന സൎവദെശത്തിങ്കലു മെന്ന അന്വയാൎത്ഥമാക്കിക്കൊൾകയും വെണം.)

൧൦. നദസ്സപപ്പൊന്നദാരിദ്ര്യംനാധിവ്യാധിപരാജയാഃ। തസ്യ കീൎത്തിസ്സൎവ്വത്രരാജ്ഞാനസ്സ്യവ്വ്ശംവദാഃ॥

അന്വയം—തസ്യ- ദുസ്സ്വപ്നഃ- ന- സ്യാൽ- ദാരിദ്ര്യം- ന- സ്യാൽ- ആധിവ്യാധിപരാജയാഃ- ന-സ്യുഃ- കീൎത്തിഃ-തു- സൎവ്വത്ര- സ്യാൽ- രാജാനഃ- വശംവദാഃ- സ്യുഃ-

അന്വയാൎത്ഥം—അവന്ന ദുസ്സ്വപ്നം ഭവിക്കയില്ല. ദാരിദ്ര്യം ഭവിക്കയില്ല. ആധിവ്യാധിപരാജയങ്ങൾ ഭവിക്കയില്ല കീൎത്തിയാകട്ടെ സൎവ്വദെശങ്ങളിലും ഭവിക്കും. രാജാക്കന്മാർ വശംവദന്മാരായി ഭവിക്കും.

പരിഭാഷാ—അവൻ=ഹനുമദഷ്ടകത്തെ മെൽപറഞ്ഞപ്രകാരം ജപിക്കുന്നവൻ- ആധിവ്യാധിപരാജയങ്ങൾ= ആധിയും വ്യാധിയും പരാജയവും. ആധി=മനഃപീഡാ. വ്യാധി=രൊഗം. പരാജയം=തൊലി- കീൎത്തി=യശസ്സ- വശംവദന്മാർ= അധീനന്മാർ-

സാരം—മെൽപ്രകാരം ഹനുമദഷ്ടകത്തെ ജപിക്കുന്നവന്ന ദുസ്സ്വപ്നവും ദാരിദ്ര്യവും മനഃപീഡയും രൊഗവും ശത്രുക്കളിൽ നിന്നുള്ള തൊലിയും ഒരുനാളും ഭവിക്കയില്ല. യശസ്സ എല്ലാപ്രദെശങ്ങളിലും നിറയും. രാജാക്കന്മാർ അധീനന്മാരായിരിക്കും.

൧൫. ഭൂതാഃപ്രെതാഃപിശാചാശ്ചജൃംഭകാഃകുക്ഷിയസ്തഥാ। ബാലഗ്രഹാശ്ചയക്ഷാശ്ചവെതാളാബ്രഹ്മരാക്ഷസാഃ॥

൧൬. തസ്യദശ്ശനമാത്രെണഭൈരവസ്യെവബിഭ്യതഃ। ദൂരതൊപസരെയുൎവ്വാസ്നെഹാദായായുരന്തികം॥

അന്വയം—ഭൂതാഃ- പ്രെതാഃ- പിശാചാഃ- ജൃംഭകാഃ-തഥാ- കുക്ഷിയഃ- ച- ബാലഗ്രഹാഃ- യക്ഷാഃ-ച വെതാളാഃ- ബ്രഹ്മരാക്ഷസാഃ- ച- ഭൈരവസ്യ- ഇവ- തസ്യ- ദശ്ശനമാത്രെണ- ബിഭ്യതഃ- ദൂരതഃ- അപസരെയുഃ- വാ- സ്നെഹാൽ-അന്തികം- ആയായുഃ- വാ.

അന്വയാൎത്ഥം—ഭൂതങ്ങളും പ്രെതങ്ങളും പിശാചന്മാരും ജൃംഭകന്മാരും കുക്ഷികളും ബാലഗ്രഹങ്ങളും യക്ഷന്മാരും വെതാളങ്ങളും ബ്രഹ്മരാക്ഷസന്മാരും ഭൈരവന്റെ എന്നപൊലെ അവന്റെ ദശ്ശനമാത്രം ഹെതുവായിട്ട ബിഭ്യത്തുകളായിട്ട ദൂരത്തിങ്കൽ അപസരിക്കുകയൊ സ്നെഹം ഹെതുവായിട്ടഅന്തികത്തെപ്രാപിക്കുകയൊ ചെയ്യും.

പരിഭാഷാ—ഭൂതങ്ങൾ=ഭൂതഗ്രഹങ്ങൾ- പിശാചന്മാർ= പിശാചുക്കൾ- ജൃംഭകന്മാർ=ജൃംഭകഗ്രഹങ്ങൾ- കുക്ഷികൾ=കുട്ടിച്ചാത്തന്മാർ- ബാലഗ്രഹങ്ങൾ=ബാലപീഡയെച്ചെയ്യുന്ന ഗ്രഹങ്ങ ഭൈരവൻ=പരമെശ്വരൻ- ദശ്ശനമാത്രം= ദശ്ശനംതന്നെ-

ബിഭ്യത്തുകൾ=ഭയത്തെ പ്രാപിച്ചിരിക്കുന്നവർ- അപസരിക്ക= ഒഴിച്ചുപൊക- അന്തികം=സമീപം.

സാരം—ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുകൾ, ജംഭകന്മാർ, കുട്ടിച്ചാത്തന്മാർ, ബാലഗ്രഹങ്ങൾ, യക്ഷന്മാർ, വെതാളഗ്രഹങ്ങൾ, ബ്രഹ്മരാക്ഷസന്മാർ ഇങ്ങിനെയുള്ള ക്ഷുദ്രദേവതമാരൊക്കെയും മഹാഭൈരവമൂൎത്തിയായ പരമെശ്വരനെ കാണുമ്പൊൾ എന്നപൊലെ ഹനുമദഷ്ടകത്തെ മെൽപ്രകാരം ജപിക്കുന്നവൻ കാണുമ്പൊഴും ഭയംഹെതുവായിട്ട ഒഴിച്ചു ദൂരത്തെ പ്രാപിക്കുകയൊ സ്നെഹം ഹെതുവായിട്ട സമീപത്തെ പ്രാപിച്ചിട്ട ഉപചരിക്കുകയൊ ചെയ്യും.

ഇതി വാദ്ധ്യാസൊപനാമകരാമാനന്ദനാഥപണ്ഡിതപാൎവ്വതെന്ദ്രകൃതം ഹനുമദഷ്ടകസ്തൊത്രം സവ്യാഖ്യയാ സമാപ്തം.

ഗരുഡാഷ്ടകം

൧. ഹെമശൈലനിഭാംഗശ്രീരഞ്ജിതാഖിലദിങ്മുഖം। നാഗാശനംമഹാസത്വംഗരുഡംസമുപാസ്മഹെ॥

അന്വയം—വയം- ഹെമശൈലനിഭാംഗശ്രീരഞ്ജിതാഖിലദിങ്മുഖം- നാഗാശനം-മഹാസത്വം-ഗരുഡം-സമുപാസ്മഹെ.

അന്വയാൎത്ഥം—ഞങ്ങൾ ഹെമശൈലനിഭാംഗശ്രീരഞ്ജിതാഖിലദിങ്മുഖനായി നാഗാശനനായി മഹാസത്വനായിരിക്കുന്ന ഗരുഡനെ സമുപാസിക്കുന്നു.

പരിഭാഷാ— ഹെമശൈലനിഭാംഗശ്രീരഞ്ജിതാഖിലദിങ്മുഖൻ= ഹെമശൈലനിഭാംഗശ്രീരഞ്ജിതങ്ങളായിരിക്കുന്ന അഖിലദിങ്മുഖങ്ങളൊട്ട കൂടിയവൻ- ഹെമശൈലനിഭാംഗശ്രീരഞ്ജിതങ്ങൾ= ഹെമശൈലനിഭാംഗശ്രീകൊണ്ട രഞ്ജിതങ്ങൾ- ഹെമശൈലനിഭാംഗശ്രീ=ഹെമശൈലനിഭാംഗത്തിന്റെ ശ്രീ- ഹെമശൈലനിഭാംഗം=ഹെമശൈലനിഭമായിരിക്കുന്നഅംഗം- ഹെമശൈലനിഭം=ഹെമശൈലത്തൊട സദൃശം- ഹെമശൈലം= സ്വൎണ്ണഗിരി- അംഗം=ശരീരം- ശ്രീ=ശൊഭാ- രഞ്ജിതം= രഞ്ജിപ്പിക്കപ്പെട്ടത- രഞ്ജിപ്പിക്ക= നിറപ്പകൎച്ചയൊടുകൂടിയതുകളാക്കുക. അഖിലദിങ്മുഖങ്ങൾ-അഖിലദിക്കുകളുടെ മുഖങ്ങൾ-- അഖിലദിക്കുകൾ=അഖിലകളായിരിക്കുന്ന ദിക്കുകൾ- അഖിലകൾ= ഒട്ടൊഴിയാതെ ഉള്ളവർ- നാഗാശനൻ=നാഗങ്ങളെ അശി

നവൻ- നാഗങ്ങൾ=സപ്പങ്ങൾ- അശിക്ക=ഭക്ഷിക്ക- മഹാസത്വൻ=മഹത്തായിരിക്കുന്ന സത്വൻ- മഹത്ത=വലുതായിരിക്കുന്നത- സത്വം=പരാക്രമം- ഗരുഡൻ=ഗരുഡനെന്ന പക്ഷി- സമുപാസിക്ക=വഴിപൊലെ സെവിക്ക.

സാരം—ഞങ്ങൾ മഹാമെരുവിനൊട്ട സദൃശമായ ശരീരത്തിന്റെ കാന്തികൾകൊണ്ട നിറപ്പകച്ചയെ പ്രാപിക്കപ്പെട്ടതുകളായ സകല ദിങ്മുഖങ്ങളൊട്ട കൂടിയവനായിയും സപ്പങ്ങളെ ഭക്ഷിക്കുന്നവനായിയും മഹാപരാക്രമശാലിയായിയുമിരിക്കുന്ന ഗരുഡനെ നല്ലവണ്ണം സെവിക്കുന്നു.

൭. അംഗെകുംകുമസംകാശംകണ്ഠെകുന്ദെന്ദുപാണ്ഡരം। വാഹനംവാസുദെവസ്യഗരുഡംസമുപാസ്മഹെ॥

അന്വയം—വയം- അംഗെ- കുംകുമസംകാശം- കണ്ഠെ- കുന്ദെന്ദുപാണ്ഡരം- വാസുദെവസ്യ-വാഹനം- ഗരുഡം- സമുപാസ്മഹെ.

അന്വയാൎത്ഥം—ഞങ്ങൾ അംഗത്തിങ്കൽ കുംകുമസംകാശനായി കണ്ഠത്തിങ്കൽ കുന്ദെന്ദുപാണ്ഡരനായി വാസുദെവന്റെ വാഹനമായിരിക്കുന്ന ഗരുഡനെ സമുപാസിക്കുന്നു.

പരിഭാഷാ—അംഗം=ശരീരം- കുംകുമസംകാശം=കുംകുമത്തൊട്ട സദൃശൻ. (കുംകുമത്തിന്റെ നിറംപൊലെ യുള്ള നിറത്തൊട്ടകൂടിയവൻ എന്ന സാരം) കണ്ഠം=കഴുത്ത- കുന്ദെന്ദുപാണ്ഡരൻ=കുന്ദെന്ദുക്കൾ പൊലെ പാണ്ഡരൻ- കുന്ദെന്ദുക്കൾ=കുന്ദവും ഇന്ദുവും- കുന്ദം=കുരുക്കുത്തിമുല്ലയുടെ പൂവ്വ- ഇന്ദു=ചന്ദ്രൻ- പാണ്ഡരൻ=വെളുത്തിരിക്കുന്നവൻ_ വാസുദെവൻ=മഹാവിഷ്ണു ഭഗവാൻ- വാഹനം=വാഹനംതന്നെ- (ശെഷം മെൽപ്രകാരം)

സാരം—ഞങ്ങൾ കഴുത്തിന്ന കീഴൊക്കെയും കുംകുമത്തിന്റെ നിറംപൊലെ ഉള്ള നിറത്തൊട്ട കൂടിയവനായിയും കഴുത്തിൽ കുരുക്കുത്തിമുല്ലപ്പൂവിന്റെയും ചന്ദ്രന്റെയും നിറംപൊലെയുള്ള നിറത്തൊട്ട കൂടിയവനായിയും വിഷ്ണുഭഗവാന്റെ വാഹനമായിയുമിരിക്കുന്ന ഗരുഡനെ നല്ലവണ്ണം സെവിക്കുന്നു.

൮. അരാളവജ്രനീകാശചഞ്ചുകൊടിധൃതൊരഗം। വിശാലവിലസൽപക്ഷംഗരുഡംസമുപാസ്മഹെ॥

അന്വയം—വയം- അരാളവജ്രനീകാശചഞ്ചുകൊടിധൃതൊരഗം- വിശാലവിലസൽപക്ഷം- ഗരുഡം-സമുപാസ്മഹെ.

അന്വയാൎത്ഥം—ഞങ്ങൾ അരാളവജ്രനീകാശചഞ്ചുകൊടിധൃതൊരഗനായി വിശാലവിലസൽപക്ഷനായിരിക്കുന്ന ഗരുഡ

അന്വയാൎത്ഥം—അവ്യാജപരമാനന്ദലാഭനിവ്വൃതമാനസനായി ഭഗവാനായി തപോധാമമായിരിക്കുന്ന കൃഷ്ണദ്വൈപായനനെ ഞാൻ ഭജിക്കുന്നു.

പരിഭാഷാ— അവ്യാജപരമാനന്ദലാഭനിവ്വൃതമാനസൻ=അവ്യാജപരമാനന്ദലാഭം ഹെതുവായിട്ട നിവ്വൃതമായിരിക്കുന്ന മനസ്സൊട്ടകൂടിയവൻ. അവ്യാജപരമാനന്ദലാഭം=അവ്യാജമായിരിക്കുന്നപരമാനന്ദലാഭം. അവ്യാജം=വ്യാജത്തൊട്ടകൂടാത്തത. പരമാനന്ദലാഭം=പരമാനന്ദത്തിന്റെലാഭം. നിവ്വൃതം=സുഖവിശ്രാന്തം. മാനസം=മനസ്സ. ഭഗവാൻ=ഐശ്വൎയ്യാദിഷൾഗുണസഹിതൻ. തപോധാമം=തപസ്സിന്റെധാമം. ധാമം=ഇരിപ്പിടം. (ശെഷം മെൽപ്രകാരം.)

സാരം—ആത്മസ്വരൂപമായിരിക്കുന്ന പരമാനന്ദത്തിന്റെ മറവൊട്ട കൂടാതെ ഉള്ള നിത്യാനുഭവം നിമിത്തമായിട്ട വിഷയഗ്രഹണകൌതുകത്തെ വിട്ട സുഖെന വിശ്രമിച്ചിരിക്കുന്ന മനസ്സൊട്ട കൂടിയവനായി ഐശ്വൎയ്യം, വീൎയ്യം, യശസ്സ, ശ്രീ, ജ്ഞാനം, വൈരാഗ്യം, ഇങ്ങിനെ ഉള്ള ആറു ഗുണങ്ങളുടെ തികവൊട്ട കൂടിയവനായിരിക്കുന്ന വ്യാസമഹൎഷിയെ ഞാൻ സെവിക്കുന്നു.

൯. ഇദംവ്യാസാഷ്ടകംനാമസ്തോത്രംഭക്ത്യൈവനിൎമ്മിതം।ഭൂയാദ്വ്യാസപ്രസാദായപഠതാംപ്രതിവാസരം॥

അന്വയം—ഭക്ത്യാ-എവ-നിൎമ്മിതം-വ്യാസാഷ്ടകം-നാമ-ഇദം-സ്തോത്രം-പ്രതിവാസരം-പഠതാം-വ്യാസപ്രസാദായ-ഭൂയാൽ-

അന്വയാൎത്ഥം— ഭക്തിഹെതുവായിട്ടുതന്നെ നിൎമ്മിതമായി വ്യാസാഷ്ടകമെന്ന പെരൊട്ട കൂടിയിരിക്കുന്ന ഈ സ്തോത്രം വാസരത്തിങ്കൽ വാസരത്തിങ്കൽ പഠിതൃക്കളായിരിക്കുന്ന വ്യാസപ്രസാദത്തിനായിക്കൊണ്ടു ഭവിക്കട്ടെ.

പരിഭാഷാ—നിൎമ്മിതം =ഉണ്ടാക്കപ്പെട്ടത. വാസരം=ദിവസം. പഠിതൃക്കൾ=പഠിച്ചീടുന്നവർ. പഠിക്ക=ചൊല്ലുക. വ്യാസപ്രസാദം=വ്യാസന്റെപ്രസാദം. വ്യാസൻ=വ്യാസമഹൎഷി. പ്രസാദം=സന്തൊഷം.

സാരം—വ്യാസമഹൎഷിയിങ്കലുള്ള ഭക്തിഹെതുവായിട്ട ഉണ്ടാക്കപ്പെട്ടതായിയും വ്യാസാഷ്ടകമെന്ന പെരൊട്ട കൂടിയതായിയും ഇരിക്കുന്ന ഈ സ്തോത്രത്തെ ദിവസംതൊറും ജപിക്കുന്നവരെ കുറിച്ച വ്യാസമഹൎഷി പ്രസാദിക്കട്ടെ.

൧൦. ശുക്ലപക്ഷനവമ്യാന്തുപ്രതിമാസമതന്ദ്രിതഃ। യഃപഠെൽപ്രയതഃപ്രാഹ്ണെവത്സരാൽസഭവെൽകവിഃ॥

അന്വയം—യഃ-പ്രതിമാസം- ശുക്ലപക്ഷനവമ്യാംതു-പ്രാഹ്ണെ- പ്രയതഃ- അതന്ദ്രിതഃ- പഠെൽ-സഃ-വത്സരാൽ-കവിഃ-ഭവെൽ-

അന്വയാത്ഥം—യാവനൊരുത്തൻ മാസന്തൊറും മാസത്തിങ്കൽ ശുക്ലപക്ഷത്തിങ്കലെ നവമിയിങ്കലാകട്ടെ പ്രാഹ്ണത്തിങ്കൽ പ്രയതനായി അതന്ദ്രിതനായിട്ട ഇതിനെ പഠിക്കുന്നുവൊ അവൻ വത്സരംകൊണ്ട കവിയായി ഭവിക്കും.

പരിഭാഷാ—ശുക്ലപക്ഷം=വെളുത്തപക്ഷം. പ്രാഹ്ണം=ഉദയാൽപരം.(ആറുനാഴികവരെഉള്ളകാലം.)പ്രയതൻ=ശുദ്ധൻ. അതന്ദ്രിതൻ=മടിയൊടുകൂടാത്തവൻ. പഠിക്ക=ജപിക്ക. വത്സരം=സംവത്സരം. കവി=വിദ്വാൻ.

സാരം—എല്ലാമാസങ്ങളിലും വെളുത്ത നവമി മദ്ധ്യാഹ്നത്തിന്ന തട്ടുന്ന ദിവസം ഉദയാൽപരം ആറുനാഴിക കഴിയുന്നതിന്റെ മുമ്പെ സ്നാനാദികൾ കഴിച്ച ശുദ്ധദെഹനായിട്ടും ശുദ്ധമനസ്സായിട്ടുമിരുന്ന മടിയൊടുകൂടാതെ ഈ സ്തൊത്രത്തെ ജപിക്കുന്നവൻ ഒരു സംവത്സരംകൊണ്ട വിദ്വാനായി ഭവിക്കും.

൧൧. കിഞ്ചഭുക്ത്വാമഹാഭൊഗാനിഹവൈമത്ത്യദുല്ലഭാൻ।മെദിനീംയശസാപൂൎയ്യപ്രെത്യവിഷ്ണുപദംവ്രജെൽ॥

അന്വയം—കിഞ്ച- സഃ-വൈ- ഇഹ-മത്ത്യദുല്ലഭാൻ_മഹാഭൊഗാൻ- ഭുക്ത്വാ-യശസാ-മെദിനീം- ആപൂൎയ്യ-പ്രെത്യ-വിഷ്ണുപദം-വ്രജെൽ-

അന്വയാത്ഥം—അത്രതന്നെഅല്ല അവൻ ഈ ലൊകത്തിങ്കൽ മത്ത്യദുല്ലഭങ്ങളായിരിക്കുന്ന മഹാ ഭൊഗങ്ങളെ ഭുജിച്ചിട്ട യശസ്സുകൊണ്ട മെദിനിയെ ആപൂരണം ചെയ്തിട്ട മരിച്ചതിന്റെശെഷം വിഷ്ണുപദത്തെ പ്രാപിക്കും.

പരിഭാഷാ—മത്ത്യദുല്ലഭങ്ങൾ= മത്ത്യന്മാരാൽ ദുല്ലഭങ്ങൾ. മത്ത്യന്മാർ=മനുഷ്യർ. ദുല്ലഭങ്ങൾ=ലഭിക്കപ്പെടുവാൻ കഴിയാത്തവ. മഹാഭൊഗങ്ങൾ=മഹത്തുകളായിരിക്കുന്നഭൊഗങ്ങൾ. മഹത്തുകൾ=വലുതായിരിക്കുന്നവ. ഭൊഗങ്ങൾ=സുഖങ്ങൾ. ഭുജിക്ക=അനുഭവിക്ക. യശസ്സ=കീൎത്തി. മെദിനീ=ഭൂമി. ആപൂരണംചെയ്ക=നിറയ്ക്കുക. വിഷ്ണുപദം=വിഷ്ണുലൊകം. വ്രജിക്ക=പ്രാപിക്ക.

സാരം— ഈ സ്തൊത്രത്തെ മെൽപ്രകാരം ജപിക്കുന്നവൻ മെൽപറഞ്ഞ ഫലത്തെ ലഭിക്കുന്നതിന്നു പുറമെ ഇവിടെ മനു

ഷ്യക്കു ലഭിപ്പാൻ കഴിയാത്തതുകളായ മഹാ സുഖങ്ങളെ അനുഭവിക്കുകയും കീർത്തികൊണ്ടു ഭൂമിയെ നിറയ്ക്കുകയും ചെയ്തിട്ടു മരിച്ചതിന്റെ ശേഷം വിഷ്ണുലോകത്തെ പ്രാപിക്കും.

ഇതിവാദാസൊപനാമകരാമാനന്ദനാഥപ്രബോധിതപാരശവെന്ദ്രവിരചിതംവ്യാസാഷ്ടകംസ്വവ്യാഖ്യയാസഹസമാപ്തം.

ദക്ഷിണാമൂർത്ത്യഷ്ടകം

൧. കൈലാസാദ്രിനിവാസായബാലശീതാംശുമൌലയെ। മുനയെനാദ്യനന്തായദക്ഷിണാമൂർത്തയെനമഃ॥

അന്വയം — കൈലാസാദ്രിനിവാസായ-ബാലശീതാംശുമൌലയെ=മുനയെ-അനാദ്യനന്തായ-ദക്ഷിണാമൂർത്തയെ-നമഃ-

അന്വയാർത്ഥം — കൈലാസാദ്രിനിവാസനായി ബാലശീതാംശുമൌലിയായി മുനിയായി അനാദ്യനന്തനായിരിക്കുന്ന ദക്ഷിണാമൂർത്തിക്കായിക്കൊണ്ടു നമസ്കാരം.

പരിഭാഷാ — കൈലാസാദ്രിനിവാസൻ=കൈലാസാദ്രിയാകുന്ന നിവാസത്തൊടുകൂടിയവൻ. കൈലാസാദ്രി=കൈലാസപർവ്വതം. നിവാസം=വാസസ്ഥാനം-ബാലശീതാംശുമൌലി=ബാലശീതാംശുവാകുന്ന മൌലിയൊടു കൂടിയവൻ. ബാലശീതാംശു= ബാലനായിരിക്കുന്ന ശീതാംശു- ശീതാംശു=ചന്ദ്രൻ. മൌലി=ശിരൊലങ്കാരം. മുനി=തപസ്വി. അനാദ്യനന്തൻ=അനാദിയായും അനന്തനായിയുമിരിക്കുന്നവൻ. അനാദി=ആദിയൊടുകൂടാത്തവൻ-അനന്തൻ=അന്തത്തൊടുകൂടാത്തവൻ. അന്തം=അവസാനം. ദക്ഷിണാമൂർത്തി=ദക്ഷിണാമൂർത്തിയെന്നു പ്രസിദ്ധനായിരിക്കുന്ന പരമെശ്വരൻ.

സാരം — കൈലാസപർവ്വതത്തിങ്കൽവസിക്കുന്നവനായിയും ബാലചന്ദ്രനെ ശിരസ്സിങ്കൽ ധരിക്കുന്നവനായിയും തപസ്സിനെ ചെയ്യുന്നവനായിയും ജനനത്തൊടും മരണത്തൊടുംകൂടാത്തവനായിയുമിരിക്കുന്ന ദക്ഷിണാമൂർത്തി എന്ന പരമെശ്വരനെ ഞാൻ നമസ്കരിക്കുന്നു.

൨. ഗംഗാധരായശുദ്ധായജടാമകുടധാരിണെ। അനഘായാപ്രമെയായദക്ഷിണാമൂർത്തയെനമഃ॥

അന്വയം — ഗംഗാധരായ-ശുദ്ധായ-ജടാമകുടധാരിണെ-അനഘായ-അപ്രമെയായ-ദക്ഷിണാമൂർത്തയെ-നമഃ-

അന്വയാർത്ഥം — ഗംഗാധരനായി ശുദ്ധനായി ജടാമകുടധാരി

യായി അനഘനായി അപ്രമെയനായിരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം.

പരിഭാഷാ— ഗംഗാധരൻ= ഗംഗയെ ധരിച്ചവൻ. ശുദ്ധൻ=എന്നും ശുദ്ധിയൊടുകൂടിയവൻ. ജടാമകുടധാരി=ജടാമകുടത്തെ ധരിക്കശീലമായിട്ടുള്ളവൻ. ജടാമകുടം=ജടാരൂപമായിരിക്കുന്നമകുടം. ജടാരൂപം=ജടാസ്വരൂപം. മകുടം=കിരീടം. അനഘൻ=അഘത്തൊടുകൂടാത്തവൻ. അഘം=പാപം. (അഘമെന്നതിന്നു ദുഃഖമെന്നും വ്യസനമെന്നും കൂടെ അൎത്ഥമുണ്ടു) അപ്രമെയൻ=പ്രമെയനല്ലാത്തവൻ. പ്രമെയൻ=പ്രമാണിക്കപ്പെടുവാൻകഴിയാത്തവൻ. പ്രമാണിക്ക=പരിച്ഛെദിക്ക. (ശെഷംമെൽപ്രകാരം).

സാരം—ഗംഗയെ ധരിച്ചവനായിയും സ്വഭാവെനതന്നെ ശുദ്ധനായിയും കിരീടാകൃതിയായി ജടാസമൂഹത്തെ ബന്ധിച്ചിട്ടു എപ്പൊഴും ധരിക്കുന്നവനായിയും പാപദുഃഖവ്യസനങ്ങളൊടുകൂടാത്തവനായിയും ഇത്ര വലുപ്പമുണ്ടു എന്നു ഒന്നുകൊണ്ടും നിശ്ചയിച്ചുകൂടാത്തവനായിയുമിരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം.

൩. ഫാലെക്ഷണെക്ഷരദഹനനിൎദ്ദഗ്ധവിഷമെഷവെ ശ്രെഷ്ഠായ ശാന്തചിത്താനാം ദക്ഷിണാമൂൎത്തയെ നമഃ॥

അന്വയം— ഫാലെക്ഷണെക്ഷരദഹനനിൎദ്ദഗ്ധവിഷമെഷവെ-ശാന്തചിത്താനാം-ശ്രെഷ്ഠായ-ദക്ഷിണാമൂൎത്തയെ-നമഃ.

അന്വയാൎത്ഥം— ഫാലെക്ഷണെക്ഷരദഹനനിൎദ്ദഗ്ധവിഷമെഷുവായി ശാന്തചിത്തന്മാരിൽ വെച്ചു ശ്രെഷ്ഠനായിരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം—

പരിഭാഷാ— ഫാലെക്ഷണെക്ഷരദഹനനിൎദ്ദഗ്ധവിഷമെഷു= ഫാലെക്ഷണെക്ഷരദഹനനിൎദ്ദഗ്ധനായിരിക്കുന്നവിഷമെഷുവിനൊടുകൂടിയവൻ. ഫാലെക്ഷണെക്ഷരദഹനനിൎദ്ദഗ്ധൻ=ഫാലെക്ഷണെക്ഷരദഹനനെകൊണ്ടുനിൎദ്ദഗ്ധൻ. ഫാലെക്ഷണെക്ഷരദഹനൻ=ഫാലെക്ഷണെക്ഷരത്തായിരിക്കുന്ന വഹ്നി. ഫാലെക്ഷണെക്ഷരത്ത=ഫാലെക്ഷണെത്തിങ്കൽനിന്നുക്ഷരത്ത. ഫാലെക്ഷണം=ഫാലത്തിങ്കൽ ഉള്ള ഈക്ഷണം. ഫാലം=നെററി. ഈക്ഷണം=കണ്ണു. ക്ഷരത്ത=ക്ഷരിച്ചിയങ്ങുന്നത. ക്ഷരിക്ക=പുറപ്പെടുക. വഹ്നി=അഗ്നി. നിൎദ്ദഗ്ധൻ=നിൎദ്ദഹിക്കപ്പെട്ടവൻ. നിൎദ്ദഹിക്ക=ഭസ്മമാക്കുക. വിഷമെഷു=കാമദെവൻ. ശാന്തചിത്തന്മാർ=ശാന്തമായിരിക്കുന്നചിത്തത്തൊടുകൂടിയവർ- ശാന്തം=ശമിച്ചത(ക്ഷൊഭമില്ലാത്തതെന്നു സാരം) ചിത്തം=മനസ്സ-(ശെഷം മെ

ൽപ്രകാരം)

സാരം—നെററിയിലുള്ള കണ്ണിൽനിന്ന പുറപ്പെട്ട തീയ്യുകൊണ്ടു കാമദേവനെ ഭസ്മമാക്കിയവനായിയും മനഃക്ഷോഭത്തോടു കൂടാത്തവരിൽ വെച്ചു ശ്രേഷ്ഠനായിയുമിരിക്കുന്ന ദക്ഷിണാമൂർത്തിക്കായിക്കൊണ്ടു നമസ്കാരം.

൭. പത്മപത്രായതാക്ഷായ ഫണികുണ്ഡലധാരിണേ। സുമുഖായ ശരണ്യായ ദക്ഷിണാമൂർത്തയെ നമഃ॥

അന്വയം—പത്മപത്രായതാക്ഷായ- ഫണികുണ്ഡലധാരിണെ- സുമുഖായ- ശരണ്യായ-ദക്ഷിണാമൂർത്തയെ-നമഃ.

അന്വയാർത്ഥം—പത്മപത്രായതാക്ഷനായി ഫണികുണ്ഡലധാരിയായി സുമുഖനായി ശരണ്യനായിരിക്കുന്ന ദക്ഷിണാമൂർത്തിക്കായിക്കൊണ്ടു നമസ്കാരം.

പരിഭാഷാ—പത്മപത്രായതാക്ഷൻ=പത്മപത്രായതങ്ങളായിരിക്കുന്ന അക്ഷികളോടു കൂടിയവൻ- പത്മപത്രായതങ്ങൾ=പത്മപത്രങ്ങൾ പോലെ ആയതങ്ങൾ. പത്മപത്രങ്ങൾ=പത്മത്തിന്റെ പത്രങ്ങൾ- പത്മം=താമരപ്പൂവ- പത്രങ്ങൾ=ഇലകൾ- ആയതങ്ങൾ=നീണ്ടിരിക്കുന്നവ- അക്ഷികൾ=കണ്ണുകൾ-ഫണികുണ്ഡലധാരി=ഫണികുണ്ഡലങ്ങളെ ധരിച്ചിരിക്കുന്നവൻ- ഫണികുണ്ഡലങ്ങൾ=സർപ്പകുണ്ഡലങ്ങൾ- സുമുഖൻ=ശോഭനമായിരിക്കുന്ന മുഖത്തോടു കൂടിയവൻ- ശരണ്യൻ=ശരണം പ്രാപിക്കപ്പെട്ടുവാൻ യോഗ്യൻ- (ശേഷം മേൽപ്രകാരം)

സാരം—താമരപ്പൂവിന്റെ ഇതളുകൾ പോലെ നീണ്ട കണ്ണുകളോടു കൂടിയവനായിയും സർപ്പങ്ങളാകുന്ന കുണ്ഡലങ്ങളെ ധരിച്ചവനായിയും ശോഭനമായിരക്കുന്ന മുഖത്തോടു കൂടിയവനായിയും ശരണം പ്രാപിക്കപ്പെട്ടുവാൻ യോഗ്യനായിയും ഇരിക്കുന്ന ദക്ഷിണാമൂർത്തിക്കായിക്കൊണ്ടു നമസ്കാരം-

൮. കഠാരഹരിണജ്ഞാനമുദ്രാമഞ്ജുളബാഹവെ। വിദുഷെ നീലകണ്ഠായ ദക്ഷിണാമൂർത്തയെ നമഃ॥

അന്വയം—കഠാരഹരിണജ്ഞാനമുദ്രാമഞ്ജുളബാഹവെ- വിദുഷെ-നീലകണ്ഠായ-ദക്ഷിണാമൂർത്തയെ- നമഃ.

അന്വയാർത്ഥം—കഠാരഹരിണജ്ഞാനമുദ്രാ മഞ്ജുളബാഹുവായി വിദ്വാനായി നീലകണ്ഠനായിരിക്കുന്ന ദക്ഷിണാമൂർത്തിക്കായിക്കൊണ്ടു നമസ്കാരം.

പരിഭാഷാ—കഠാരഹരിണജ്ഞാനമുദ്രാമഞ്ജുളബാഹു=കഠാരഹരിണജ്ഞാനമുദ്രകൾകൊണ്ടു മഞ്ജുളങ്ങളായിരിക്കുന്ന ബാഹുക്ക

ളോടു കൂടിയവൻ- കുഠാരഹരിണജ്ഞാനമുദ്രകൾ=കുഠാരവും ഹരിണവും ജ്ഞാനമുദ്രയും- കുഠാരം=വെണ്മഴു- ഹരിണം=മാൻ- ജ്ഞാനമുദ്രാ=ജ്ഞാനമുദ്രതന്നെ- (മുദ്രാ എന്നത ഹസ്തചെഷ്ടയാകുന്നു. ജ്ഞാനത്തെ സൂചിപ്പിക്കുന്നതായ കയ്യിന്റെ ചെഷ്ടാ എന്ന ജ്ഞാനമുദ്രാ പദത്തിന്റെ അൎത്ഥം -ശ്ലോകം-സംയൊഗൊംഗുഷ്ഠതൎജ്ജന്യൊരനൂഢാഗ്രമുഖയൊഃപുനഃ। കത്ഥ്യതെജ്ഞാനമുദ്രെതിമുദ്രാതത്വവിചക്ഷണൈഃ- എന്നുള്ള ശാസ്ത്രത്താൽ ഉനൂഢാഗ്രങ്ങളല്ലാതെ ഇരിക്കുന്ന പെരുവിരലിന്റെയും ചൂണ്ടാണിവിരലിന്റെയും തലകളുടെ തമ്മിൽ ഉള്ള സംയൊഗത്തെ മുദ്രാതത്വത്തെ അറിയുന്നവർ ജ്ഞാനമുദ്രയെന്നപറയുന്നു എന്നപറകപ്പെട്ടിരിക്കയാൽ മെൽപ്രകാരമിരിക്കുന്ന ഹസ്തചെഷ്ടക്ക ജ്ഞാനമുദ്രാ എന്നു പെരാകുന്നുഎന്ന അറിഞ്ഞു കൊൾക) മഞ്ജുളങ്ങൾ=മനൊഹരങ്ങൾ- ബാഹുക്കൾ=കൈകൾ- വിദ്വാൻ=അറിവുള്ളവൻ- (സൎവ്വത്തെയും അറിഞ്ഞവനെന്നു സാരം) നീലകണ്ഠൻ=നീലമായിരിക്കുന്ന കണ്ഠത്തൊടു കൂടിയവൻ- നീലം=കറുത്തിരിക്കുന്നത- കണ്ഠം=കഴുത്ത- (ശെഷം മെൽപ്രകാരം)

സാരം—വെണ്മഴു, മാൻ, ജ്ഞാനമുദ്രാ ഇതുകൾകൊണ്ടു ശൊഭിച്ചിരിക്കുന്ന മൂന്നുകൈകളൊടുകൂടിയവനായിയും ഒരുകൈ നീൎത്തി ഇടത്തെക്കാലിന്റെ മുട്ടിന്മെൽ വെച്ചിരിക്കുന്നവനായിയും സൎവ്വത്തെയും അറിഞ്ഞവനായിയും കറുത്ത കഴുത്തൊടു കൂടിയവനായിയും ഇരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം.

൩. വ്യൂഢൊരസ്കായരുദ്രാക്ഷനാഗമാലാവിലാസിനെ। യൊഗിനെകൃശമധ്യായദക്ഷിണാമൂൎത്തയെനമഃ॥

അന്വയം—വ്യൂഢൊരസ്കായ-രുദ്രാക്ഷനാഗമാലാവിലാസിനെ- യൊഗിനെ-കൃശമധ്യായ-ദക്ഷിണാമൂൎത്തയെ-നമഃ.

അന്വയാൎത്ഥം—വ്യൂഢൊരസ്കനായി രുദ്രാക്ഷനാഗമാലാ വിലാസിയായി യൊഗിയായി കൃശമധ്യനായിരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം.

പരിഭാഷാ—വ്യൂഢൊരസ്കൻ= വ്യൂഢമായിരിക്കുന്ന ഉരസ്സൊടുകൂടിയവൻ-വ്യൂഢം=വിശാലം- ഉരസ്സ=മാറിടം- രുദ്രാക്ഷനാഗമാലാവിലാസി=രുദ്രാക്ഷനാഗമാലകൾ കൊണ്ടു വിലസിക്കുന്നവൻ- രുദ്രാക്ഷനാഗമാലകൾ=രുദ്രാക്ഷമാലയും നാഗമാലയും- രുദ്രാക്ഷമാലാ=രുദ്രാക്ഷങ്ങൾ കൊണ്ടുള്ള മാലാ- നാഗമാലാ=സൎപ്പമാലാ- വിലസിക്ക=ശൊഭിക്ക- യൊഗി=യൊഗമുള്ള

വൻ- യോഗം=ചിത്തവൃത്തിനിരോധം- കൃശമദ്ധ്യൻ=കൃശമായിരിക്കുന്ന മദ്ധ്യത്തോടു കൂടിയവൻ- കൃശം-തടിയോടുകൂടാത്തത- മദ്ധ്യം=മദ്ധ്യശരീരം- (ശേഷം മേൽപ്രകാരം)

സാരം—വിസ്താരമുള്ളമാറിടത്തോടുകൂടിയവനായിയും രുദ്രാക്ഷമാലകൊണ്ടും സൎപ്പമാലകൊണ്ടും ശോഭിച്ചിയങ്ങുന്നവനായിയും യമം,നിയമം,ആസനം,പ്രാണായാമം,പ്രത്യാഹാരം ധാരണാ,ധ്യാനം,സമാധിഇങ്ങിനെഉള്ളഅഷ്ടാംഗങ്ങളോടുകൂടിയയോഗത്തെ അനുഷ്ഠിക്കുന്നവനായിയും കൃശോദരനായിയും ഇരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം-

൭. മെഖലാബന്ധസൌഭാഗ്യശാലിനെ കൃത്തിവാസസെ।
ചാരുരുജാനുജംഘായദക്ഷിണാമൂൎത്തയെനമഃ॥

അന്വയം—മെഖലാബന്ധസൌഭാഗ്യശാലിനെ- കൃത്തിവാസസെ- ചാരുരുജാനുജംഘായ- ദക്ഷിണാമൂൎത്തയെ-നമഃ.

അന്വയാൎത്ഥം—മെഖലാ ബന്ധസൌഭാഗ്യശാലിയായി കൃത്തിവാസസ്സായി ചാരുരുജാനുജംഘനായിരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം.

പരിഭാഷാ—മെഖലാബന്ധസൌഭാഗ്യശാലി= മെഖലാബന്ധം ഹെതുവായിട്ടു സൌഭാഗ്യശാലി- മെഖലാബന്ധം=മെഖലയുടെ ബന്ധം- ബന്ധം=കെട്ടു- സൌഭാഗ്യശാലി=സൌഭാഗ്യത്തോടു കൂടിയവൻ-സൌഭാഗ്യം=ശോഭാ= കൃത്തിവാസസ്സ്=കൃത്തിയാകുന്ന വാസസ്സോടുകൂടിയവൻ- കൃത്തി=തോല-വാസസ്സ=വസ്ത്രം- ചാരുരുജാനുജംഘൻ=ചാരുവായിരിക്കുന്ന ഊരുജാനുജംഘത്തോടു കൂടിയവൻ- ചാരു=മനോഹരം- ഊരുജാനുജംഘം- ഊരുവും ജാനുവും ജംഘയും- ഊരു=തുട- ജാനു=മുട്ടു- ജംഘാ=കണങ്കാല- (ശേഷം മേൽപ്രകാരം)

സാരം—മുഞ്ജാ എന്ന തൃണം കൊ[illegible]ു പിരിക്കുന്നതായും പ്രതസ്ഥന്മാരാൽ ധരിക്കപ്പെടുന്നതായിയുമിരിക്കുന്ന മെഖലയെ താൽക്കാലികതപൊവ്രതം നിമിത്തമായി ധരിക്കുകകൊണ്ടും ശോഭക്കുകുറവുസംഭവിക്കാത്തവനായിയും കൃഷ്ണമൃഗത്തിന്റെ തൊലുടുത്തവനായിയും മനോഹരമായിരിക്കുന്ന തുടയോടും മുട്ടോടും കണങ്കാലൊടും കൂടിയവനായിയുമിരിക്കുന്ന ദക്ഷിണാ മൂൎത്തിക്കായിക്കൊണ്ടു നമസ്കാരം.

൮. സുജാതചരണായാച്ഛജീമൂതസദൃശത്വിഷെ। വടമൂലത
ലസ്ഥായദക്ഷിണാമൂൎത്തയെനമഃ॥

അന്വയം— സുജാതചരണായ- അച്ഛജീമൂതസദൃശത്വി

ഷ്ടെ-വടമൂലതലസ്ഥായ-ദക്ഷിണാമൂൎത്തയെ -നമഃ

അന്വയാൎത്ഥം—സുജാതചരണനായി അച്ഛജീമൂതസദൃശതപിട്ടായി വടമൂലതലസ്ഥനായിരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം.

പരിഭാഷാ—സുജാതചരണൻ=സുജാതമായിരിക്കുന്ന ചരണത്തൊടു കൂടിയവൻ. സുജാതം=മനൊഹരം. ചരണം=കാൽകളുടെ അടി. അച്ഛഅജീമൂതസദൃശതപിട്ട=അച്ഛജീമൂതസദൃശിയായിരിക്കുന്നതപിട്ടൊടു കൂടിയവൻ. അച്ഛജീമൂതസദൃശീ=അച്ഛജീമൂതത്തൊടുസദൃശീ. അച്ഛജീമൂതം=അച്ഛമായിരിക്കുന്നജീമൂതം. അച്ഛം=നിൎമ്മലം-(ധവളമെന്നുസാരം.)ജീമൂതം=മെഘം.സദൃശീ=തുല്യാ.തപിട്ട=തെജസ്സ.വടമൂലതലസ്ഥൻ=വടമൂലതലത്തിങ്കൽസ്ഥിതിചെയ്യുന്നവൻ.വടമൂലതലം=വടത്തിന്റെമൂലതലം.വടം=പെരാല.മൂലതലം=മൂലപ്രദെശം. സ്ഥിതിചെക=ഇരിക്ക.(ശെഷം മെൽ പ്രകാരം)

സാരം—മനൊഹരമായിരിക്കുന്ന കാലിന്റെ അടിയൊടു കൂടിയവനായിയും ശരൽകാലത്തിങ്കൽ ഉള്ളിൽ വെള്ളമില്ലായ്കയാൽ വെളുത്തനിറമായി കാണപ്പെടുന്ന മെഘത്തിന്റെ തെജസ്സ പൊലെ ഇരിക്കുന്ന തെജസ്സൊടു കൂടിയവനായിയും കൈലാസപൎവ്വതത്തിങ്കൽ ഒരു പെരാലിന്റെ തറയിന്മെൽ ഇരിക്കുന്നവനായിയുമിരിക്കുന്ന ദക്ഷിണാമൂൎത്തിക്കായിക്കൊണ്ടു നമസ്കാരം.

൯. സൎവ്വത്രതസ്യജീവതപാരെതനൈവയംകൃതാസ്തുതിഃ।
പ്രീതയെദക്ഷിണാമൂൎത്തെസ്സംപദ്യെതതമാംനകിം॥

അന്വയം—സൎവ്വത്ര-തസ്യ-ജീവതപാൽ-തെന-എവ-കൃതാ-ഇയം-സ്തുതിഃ-ദക്ഷിണാമൂൎത്തെഃ-പ്രീതയെ-സംപദ്യെത-ന-കിം

അന്വയാൎത്ഥം—സൎവ്വങ്ങളിലുംഅവന്റെ ജീവതപം ഹെതുവായിട്ടു അവനാൽ തന്നെകൃതയായിരിക്കുന്ന ൟ സ്തുതി ദക്ഷിണാമൂൎത്തിയുടെ പ്രീതിക്കായിക്കൊണ്ടു സംപദിക്കില്ലയൊ

പരിഭാഷാ—സൎവ്വങ്ങൾ=സൎവ്വശരീരങ്ങൾ. അവൻ=ദക്ഷിണാമൂൎത്തി. ജീവതപം=ജീവനാവൃഎന്നുള്ളത. അവൻ=ദക്ഷിണാമൂൎത്തി. കൃതാ=ഉണ്ടാക്കപ്പെട്ടത. സ്തുതി=സ്തൊത്രം. പ്രീതി=സന്തൊഷം. സംപദിക്ക=സാമൎത്ഥ്യത്തൊടു കൂടിയതായി ഭവിക്ക.

സാരം—ൟ സ്തൊത്രം ദക്ഷിണാമൂൎത്തിയുടെ പ്രീതിക്കായിക്കൊണ്ടു ഭവിക്കുമെന്ന ഞാൻ നിശ്ചയിക്കുന്നു. എന്തുകൊണ്ടെന്നാൽ ഉറുമ്പെന്നാദിയായും ബ്രഹ്മാവെന്നന്തമായിയുമുള്ള ലൊകവ്യവഹാരത്തിൽപ്പെട്ട സകല ശരീരങ്ങളിൽ ജീവനായി ശൊഭിക്കുന്നത പരമാൎത്ഥത്തിങ്കൽ ദക്ഷിണാമൂൎത്തിതന്നെ എന്നിരിക്ക

യാൽ ഈ സ്തോത്രം ദക്ഷിണാമൂർത്തിയാൽതന്നെ ഉണ്ടാക്കപ്പെട്ട താണ എന്നത്രെ പരമാർത്ഥം എന്നൊക്കുംപൊൾ പറയെണ്ടത. അതുകൊണ്ടും തന്നാൽ ആരംഭിക്കപ്പെട്ട പ്രവൃത്തിതന്റെ ഇച്ഛക്ക തക്കവണ്ണം സമാപ്തമായാൽ ഏവനും സന്തൊഷമുണ്ടാകുന്ന താകകൊണ്ടും ഇങ്ങിനെ നിശ്ചയിക്കുന്നതാണെന്ന അറിഞ്ഞു കൊൾക.

൧൦. ഹെജനായൂയമവ്യഗ്രാഃപഠതെമാംദിനെദിനെ। ഭുക്ത്വാഭൊഗാനിഹാഭീഷ്ടാനന്തെകൈവല്യമൃച്ഛത॥

അന്വയം.— ഹെ-ജനാഃ-യൂയം-അവ്യഗ്രാഃ-ദിനെ-ദിനെ-ഇമാം-പഠത-ദിനെ-ദിനെ- ഇഹ-അഭീഷ്ടാൻ- ഭൊഗാൻ-ഭുക്ത്വാ-ച-അന്തെ-കൈവല്യം-ഋച്ഛത-

അന്വയാർത്ഥം—അല്ലയൊ ജനങ്ങളെ നിങ്ങൾ അവ്യഗ്രന്മാരായിട്ട ദിനത്തിങ്കൽ ദിനത്തിങ്കൽ ഈ സ്തുതിയെ പഠിച്ചിട്ടും ദിനത്തിങ്കൽ ദിനത്തിൽ അഭീഷ്ടങ്ങളായിരിക്കുന്ന ഭൊഗങ്ങളെ ഭുജിച്ചിട്ടും അന്തത്തിങ്കൽ കൈവല്യത്തെ ഋച്ഛിച്ചാലും.

പരിഭാഷാ— അവ്യഗ്രന്മാർ=വ്യഗ്രന്മാരല്ലാത്തവർ. വ്യഗ്രന്മാർ=ആകുലന്മാർ. (സംശയത്തൊട കൂടിയവർ.) ദിനം=ദിവസം. പഠിക്ക=ജപിക്ക. ഭൊഗങ്ങൾ=സുഖങ്ങൾ. ഭുജിക്ക=അനുഭവിക്ക. അന്തം=അവസാനം. കൈവല്യം=മൊക്ഷം.

സാരം— അല്ലയൊ ലൊകരെ നിങ്ങൾ സംശയിച്ച കാലം കളയാതെ ഈ സ്തൊത്രത്തെ ദിനംതൊറും ജപിച്ചാൽ നിങ്ങൾ ദിനംതൊറും നിങ്ങളുടെ ആഗ്രഹത്തിന്ന തക്കവണ്ണമുള്ള സുഖങ്ങളെ അനുഭവിക്കും. അത്രമാത്രമല്ല ആയുസ്സിന്റെ അവസാനത്തിങ്കൽ നിങ്ങൾ ഭഗവൽ പ്രസാദം ഹെതുവായിട്ട ഹൃദയപരിശുദ്ധിയെയും ജ്ഞാനത്തെയും ലഭിച്ചിട്ട അനന്തരം മൊക്ഷത്തെയും പ്രാപിക്കും.

ഇതി വാശാസൊപനാമക രാമാനന്ദനാഥപണ്ഡിത പാരശവെന്ദ്ര വിരചിതം ദക്ഷിണാമൂർത്ത്യഷ്ടകം സവ്യാഖ്യയാ സഹസമാപ്തം.

ദുർഗ്ഗാഷ്ടകം

൧. ലക്ഷ്മീശകർണ്ണമലജൌനമധുകൈടഭൌ ദൈത്യൌ ദുഷ്ടാസുരൌ ഭയമുപെതവതാ വിധാത്രാ। ഗീർഭിസ്തുതാമനവമാഭിരനിന്ദ്യസർഗ്ഗാം ദുർഗ്ഗാംസദാഭഗവതീംവയമാശ്രയാമഃ॥

അന്വയം—ലക്ഷ്മീശകൎണ്ണമലജന്മ-മധുകൈടഭാഖ്യൌ-അസുരൌ-ദൃഷ്ട്വാ-ഭയം-ഉപേതവതാ-വിധാത്രാ-അനവമാഭിഃ-ഗീൎഭിഃ-സ്തുതാം-അനിന്ദ്യസൎഗ്ഗാം-ദുൎഗ്ഗാം-ഭഗവതീം-സദാ-വയം-ആശ്രയാമഃ-

അന്വയാൎത്ഥം—ലക്ഷ്മീശകൎണ്ണമലജന്മാരായി മധുകൈടഭാഖ്യന്മാരായിരിക്കുന്ന അസുരന്മാരെ ദശിച്ചിട്ട ഭയത്തെ ഉപേതവാനായിരിക്കുന്ന വിധാതാവിനാൽ അനവമകളായിരിക്കുന്ന ഗീൎക്കൾകൊണ്ട സ്തുതയായി അനിന്ദ്യസൎഗ്ഗയായിരിക്കുന്ന ദുൎഗ്ഗയാകുന്ന ഭഗവതിയെ എല്ലായ്പൊഴും ഞങ്ങൾ ആശ്രയിക്കുന്നു.

പരിഭാഷ—ലക്ഷ്മീശകൎണ്ണമലജന്മാർ=ലക്ഷ്മീശകൎണ്ണമലത്തിങ്കൽ നിന്ന ജനിച്ചവർ. ലക്ഷ്മീശകൎണ്ണമലം=ലക്ഷ്മീശന്റെ കൎണ്ണമലം. ലക്ഷ്മീശൻ=വിഷ്ണുഭഗവാൻ. കൎണ്ണമലം=കൎണ്ണത്തിങ്കലെ മലം. കൎണ്ണം=ചെവി. മധുകൈടഭാഖ്യന്മാർ=മധുഎന്നും കൈടഭനെന്നും ആഖ്യയോടുകൂടിയവർ. ആഖ്യാ=പെർ. ദശിക്ക=കാണ്ക. ഉപേതവാൻ=പ്രാപിച്ചവൻ. വിധാതാവ=ബ്രഹ്മാവ. അനവമകൾ=ഉത്തമകൾ. ഗീൎക്കൾ=വാക്കുകൾ. സ്തുതാ=സ്തുതിക്കപ്പെട്ടവൾ. അനിന്ദ്യസൎഗ്ഗാ=അനിന്ദ്യമായിരിക്കുന്ന സൎഗ്ഗത്തൊടുകൂടിയവൾ. അനിന്ദ്യം=നിന്ദ്യമല്ലാത്തത. നിന്ദ്യം=നിന്ദിക്കപ്പെടുവാൻ യൊഗ്യം. സൎഗ്ഗം=സ്വഭാവം. ദുൎഗ്ഗാ=ദുൎഗ്ഗാഎന്ന പെരൊടുകൂടിയവൾ. ആശ്രയിക്ക=സെവിക്ക.

സാരം—പണ്ടൊരു കല്പത്തിങ്കൽ ഭൂമിയുടെ നാലുഭാഗങ്ങളിൽ നിന്നും വക്കുകളെ ലംഘിച്ചു പരന്ന ഒന്നായി ചെൎന്ന വൎദ്ധിച്ച സമുദ്രജലത്തിന്റെ മദ്ധ്യത്തിൽ സകലലൊകങ്ങളെയും തന്റെ ഉദരത്തിങ്കലാക്കി അനന്തനാകുന്ന ശയ്യയിങ്കൽ കിടന്ന യൊഗനിദ്രയെ സെവിക്കുന്ന വിഷ്ണുഭഗവാന്റെ നാഭിയിൽ നിന്ന സൃഷ്ടികാലമടുത്തപ്പൊൾ ഉത്ഭവിച്ചൊരു പത്മത്തിങ്കൽ നിന്ന ബ്രഹ്മാവുണ്ടായി. അവിടെത്തന്നെ അസഹായനായി വസിക്കും സമയത്തിങ്കൽ വിഷ്ണുഭഗവാന്റെ കൎണ്ണമലത്തിങ്കൽ നിന്ന മധുഎന്നും കൈടഭനെന്നും പെരായിട്ട രണ്ട അസുരന്മാരുണ്ടായി. അപ്പൊൾ അവരെ കണ്ട ഭയപ്പെട്ടവനായ ബ്രഹ്മാവിനാൽ വിഷ്ണുഭഗവാനെ ഉണൎത്തുവാനായിക്കൊണ്ട ശബ്ദഭംഗിയൊടും അൎത്ഥഭംഗിയൊടും കൂടിയതുകളായ വാക്കുകൾകൊണ്ടു സ്തുതിക്കപ്പെട്ടവളായിയും സൽസ്വഭാവയായിയുമിരിക്കുന്ന ദുൎഗ്ഗാഭഗവതിയെ എല്ലായ്പൊഴും ഞങ്ങൾ ആശ്രയിക്കുന്നു.

൨. ധാതുഃ പ്രസന്നമനസാ സ്തുതിഭിൎഗ്ഗീൎഭിരാനിസ്ത്രിമൃദാനവരി

പൊരസുരൌഘനിരോദ്ധും। തഞ്ചോദ്യതംകൃതവതീംജിതവൈരിവർഗ്ഗാംദുർഗ്ഗാംസദാഭഗവതീംവയമാശ്രയാമഃ॥

അന്വയം — ധാതുഃ-സ്തുതിഭിഃ- പ്രസന്നമനസാ- ദാനവാരിപോഃ-ശരീരാൽ-നിഷ്ക്രമ്യ-തം-അസുരൌഘ-നിരോദ്ധും-ഉദ്യതം-കൃതവതീം-ജിതവൈരിവർഗ്ഗാം- ച-ദുർഗ്ഗാം-ഭഗവതീം-സദാ-വയം-ആശ്രയാമഃ-

അന്വയാർത്ഥം — ധാതാവിന്റെ സ്തുതികൾ ഹെതുവായിട്ടു പ്രസന്നമനസ്സോടു കൂടിയവളായിട്ടു ദാനവരിപുവിന്റെ ശരീരത്തിങ്കൽനിന്നു നിഷ്ക്രമിച്ചിട്ടു അവനെ അസുരന്മാരെ നിരോധിപ്പാനായിക്കൊണ്ടു ഉദ്യതനാക്കി കൃതവതിയായിയും ജിതവൈരിവർഗ്ഗയായിയുമിരിക്കുന്ന ദുർഗ്ഗയാകുന്ന ഭഗവതിയെ എല്ലായ്പ്പൊഴും ഞങ്ങൾ ആശ്രയിക്കുന്നു.

പരിഭാഷാ — ധാതാവ=ബ്രഹ്മാവ. പ്രസന്നമ[illegible]നസ്സ=പ്രസന്നമായിരിക്കുന്ന മനസ്സ. പ്രസന്നം=പ്രസാ[illegible]ച്ചത. പ്രസാദിക്ക= സന്തൊഷിക്ക. ദാനവരി[illegible]പു=വിഷ്ണുഭഗവാൻ. നിഷ്ക്രമിക്ക=ഇറങ്ങിവെറെനില്ക്കുക. അവൻ=വിഷ്ണുഭഗവാൻ. അസുരന്മാർ=മെൽപറഞ്ഞ മധുകൈടഭന്മാർ. നിരൊധിക്ക=സംഹരിക്ക- ഉദ്യതൻ= ഉത്സാഹത്തൊടുകൂടിയവൻ. കൃതവതീ=ചെയ്തവൾ. ജിതവൈരിവർഗ്ഗാ=ജിതമായിരിക്കുന്ന വൈരിവർഗ്ഗത്തൊടുകൂടിയവൾ. ജിതം=ജയിക്കപ്പെട്ടത. വൈരിവർഗ്ഗം=വൈരികളുടെവർഗ്ഗം. വൈരികൾ=ശത്രുക്കൾ. (ശെഷം മെൽപ്രകാരം).

സാരം — ബ്രഹ്മാവിന്റെ സ്തുതികൾ ഹെതുവായിട്ടു സന്തൊഷിച്ച മനസ്സൊടു കൂടിയവളായി നിദ്രാരൂപെണ വിഷ്ണുഭഗവാങ്കലുണ്ടായിരുന്ന സ്ഥിതിയെ ഉപെക്ഷിച്ചിട്ടു വിഷ്ണുഭഗവാന്റെ ശരീരത്തിങ്കൽ നിന്നിറങ്ങി വെറെനിന്നിട്ടു മധുകൈടഭന്മാരെ കൊല്ലുവാനായിക്കൊണ്ടു വി[illegible]ഭഗവാനെ ഉത്[illegible]ഹത്തൊടു കൂടിയവനാക്കി ചെയ്യുവളായിയും ശത്രുസമൂഹത്തെ ജയിച്ചവളായിയുമിരിക്കുന്ന ദുർഗ്ഗാഭഗവതിയെ ഞങ്ങൾ സെവിക്കുന്നു.

൨. മൂർദ്ധാനമാശുമഹിഷസ്യവിമത്ഥ്യപദ്ഭ്യാംപ്രാണാനപാസ്യബഹിരാദ്ഭുതസത്സപര്യ്യാം। ഭക്ത്യാപുരഃ പ്രണമതാംനിഹിതാപവർഗ്ഗാംദുർഗ്ഗാംസദാഭഗവതീംവയമാശ്രയാമഃ॥

അന്വയം — മഹിഷസ്യ-മൂർദ്ധാനം-പദ്ഭ്യാം-ആശു-വിമത്ഥ്യ-പ്രാണാൻ-ബഹിഃ-അപാസ്യ-ആദ്ഭുതസത്സപര്യ്യാം-ഭക്ത്യാ-പ്രണമതാം-പുരഃ-നിഹിതാപവർഗ്ഗാം-ദുർഗ്ഗാം- ഭഗവതീം-സദാ-വയം-ആശ്രയാമഃ-

അന്വയാർത്ഥം—മഹിഷന്റെ മൂർദ്ധാവിനെ പാദങ്ങൾകൊണ്ടു പൊട്ടുന്നനവെ വിമർദ്ദിച്ചിട്ടു പ്രാണനെ ബഹിർഭാഗത്തിങ്കൽ അപാസിച്ചിട്ടു ആദൃതസത്സപര്യയായി ഭക്തിയോടു കൂടെ പ്രണമത്തുകളായിരിക്കുന്നവരുടെ പുരോഭാഗത്തിങ്കൽ നിഹിതാപവർഗ്ഗയായിരിക്കുന്ന ദുർഗ്ഗയാകുന്ന ഭഗവതിയെ ഞങ്ങൾ ആശ്രയിക്കുന്നു.

പരിഭാഷ—മഹിഷൻ=മഹിഷാസുരൻ. മൂർദ്ധാവ=ശിരസ്സ. പാദങ്ങൾ=ചരണങ്ങൾ. വിമർദ്ദിക്ക=മട്ടിക്ക. അപാസിക്ക=നിരസിക്ക. (കളക). ആദൃതസത്സപര്യാ=ആദൃതയായിരിക്കുന്നസത്സപര്യയോടു കൂടിയവൾ. ആദൃതാ=ആദരിക്കപ്പെട്ടവൾ. സത്സപര്യാ=സത്തുകളുടെസപര്യാ. സത്തുകൾ=സജ്ജനങ്ങൾ. സപര്യാ=പൂജാ. പ്രണമത്തുകൾ= പ്രണമിച്ചിയങ്ങുന്നവർ. പ്രണമിക്ക=നമസ്കരിക്ക. പുരോഭാഗം=അഗ്രഭാഗം. നിഹിതാപവർഗ്ഗാ=നിഹിതമായിരിക്കുന്ന അപവർഗ്ഗത്തോടു കൂടിയവൾ. നിഹിതം=നിധാനംചെയ്കപ്പെട്ടതു. നിധാനംചെയ്ക=വെക്കുക. അപവർഗ്ഗം=മോക്ഷം. (ശേഷം മുൻപ്രകാരം).

സാരം—മഹിഷാസുരന്റെ ശിരസ്സിനെ കാൽകൊണ്ടു മട്ടിച്ചിട്ടു ദേഹത്തിങ്കൽനിന്നു പ്രാണനെപുറത്താക്കി. അത്[illegible]ഹത്തുവായിട്ടു സന്തോഷിച്ചവരായ സജ്ജനങ്ങളാൽ ചെയ്കപ്പെട്ട പൂജയെ ആദരത്തോടുകൂടെ സ്വീകരിച്ചവളായിയും ഭക്തിയോടുകൂടെ നമസ്കരിച്ചിയങ്ങുന്നവരുടെ മുമ്പിൽ മോക്ഷത്തെ വെച്ചുകൊടുക്കുന്നവളായിയുമിരിക്കുന്ന ദുർഗ്ഗാഭഗവതിയെഞങ്ങൾ സേവിക്കുന്നു.

൮. നമ്രേഷുദീർഘകരുണാംവിനിപാത്യദൈത്യംധൂമ്രേക്ഷണം
സപദിഹർഷിതദേവവൃന്ദാം। വന്ദാരുവൃന്ദപരിദർശിതസിദ്ധിമാർഗ്ഗാംദുർഗ്ഗാംസദാഭഗവതീംവയമാശ്രയാമഃ॥

അന്വയം—നമ്രേഷു-ദീർഘകരുണാം-ധൂമ്രേക്ഷണം-ദൈത്യം-സപദി-വിനിപാത്യ-ഹർഷിതദേവവൃന്ദാം-വന്ദാരുവൃന്ദപരിദർശിതസിദ്ധിമാർഗ്ഗാം-ദുർഗ്ഗാം-ഭഗവതീം-സദാ-വയം-ആശ്രയാമഃ-

അന്വയാർത്ഥം—നമ്രന്മാരിൽ ദീർഘകരുണയായി ധൂമ്രേക്ഷണനാകുന്ന ദൈത്യനെ പൊട്ടുന്നനവെ വിനിപതിച്ചിട്ടു ഹർഷിതദേവവൃന്ദയായി വന്ദാരുവൃന്ദപരിദർശിതസിദ്ധിമാർഗ്ഗയായിരിക്കുന്ന ദുർഗ്ഗയാകുന്ന ഭഗവതിയെ എല്ലായ്പോഴും ഞങ്ങൾ ആശ്രയിക്കുന്നു.

പരിഭാഷ—നമ്രന്മാർ=നമിച്ചവർ. നമിക്ക=നമസ്കരിക്ക.

ദീർഘകരുണാ=ദീർഘയായിരിക്കുന്ന കരുണയോടുകൂടിയവൾ. ദീ
ർഘാ=നീണ്ടിരിക്കുന്നത. കരുണാ=ദയാ. ധൂമ്രേക്ഷണൻ=ധൂമ്രാ
ക്ഷൻ. ദൈത്യൻ=അസുരൻ. വിനിപതിപ്പിക്ക=കൊല്ലുക. ഹ
ഷ്ടിതദേവവൃന്ദാ=ഹഷ്ടിതമായിരിക്കുന്ന ദേവവൃന്ദത്തോടു കൂടിയ
വൾ. ഹഷ്ടിതം=ഹഷ്ടിപ്പിക്കപ്പെട്ടത. ഹഷ്ടിപ്പിക്ക=സന്തോഷി
പ്പിക്ക. ദേവവൃന്ദം=ദേവസമൂഹം. വന്ദാരുവൃന്ദപരിദശിതസി
ദ്ധിമാർഗ്ഗാ=വന്ദാരുവൃന്ദത്തിന്നായിക്കൊണ്ടു പരിദശിതങ്ങളായി
രിക്കുന്ന സിദ്ധിമാർഗ്ഗങ്ങളോടു കൂടിയവൾ- വന്ദാരുവൃന്ദം=വന്ദാ
രുക്കളുടെ വൃന്ദം-വന്ദാരുക്കൾ=വന്ദിച്ചവൾ-വൃന്ദം=സമൂഹം-പ
രിദശിതങ്ങൾ=പരിദശിപ്പിക്കപ്പെട്ടവ- പരിദശിപ്പിക്ക=നല്ലവ
ണ്ണം കാണിക്ക- സിദ്ധിമാർഗ്ഗങ്ങൾ=സിദ്ധിയുടെ മാർഗ്ഗങ്ങൾ-സി
ദ്ധി=ഐശ്വൎയ്യപ്രാപ്തി- മാർഗ്ഗങ്ങൾ=വഴികൾ- (ശേഷം മെല്
പ്രകാരം)

സാരം—നമസ്കരിച്ചവരിലെന്നും നില്ക്കുന്നതായ ദയയോടു
കൂടിയവളായിയും ധൂമ്രാക്ഷനെന്ന അസുരനെ പൊടുന്നനവെ
കൊന്നിട്ടു ദേവസമൂഹത്തെ സന്തോഷിപ്പിച്ചവളായിയും വ
ന്ദിച്ച ജനങ്ങളുടെ സമൂഹത്തിന്നായിക്കൊണ്ടു വഴിപോലെ ഐ
ശ്വൎയ്യ പ്രാപ്തിക്കായിക്കൊണ്ടുള്ള വഴികളെ കാണിച്ചവളായി
യുമിരിക്കുന്ന ദുർഗ്ഗാഭഗവതിയെ എല്ലായ്പോഴും ഞങ്ങൾ സേവി
ക്കുന്നു.

൫. ആയോധനാഗ്രഭൂവിസംഹൃതചണ്ഡമുണ്ഡാം ശൌണ്ഡാ
മഖണ്ഡജനതാവിപദാം നിരാസേ। ശൌൎയ്യശ്രിയാതുലിതകാല
കൃശാനുഭർഗ്ഗാം ദുർഗ്ഗാം സദാ ഭഗവതീം വയമാശ്രയാമഃ॥

അന്വയം—ആയോധനാഗ്രഭൂവിസംഹൃതചണ്ഡമുണ്ഡാം -
അഖണ്ഡജനതാവിപദാം- നിരാസേ- ശൌണ്ഡാം- ശൌൎയ്യശ്രി
യാ- തുലിതകാലകൃശാനുഭർഗ്ഗാം- ദുർഗ്ഗാം- ഭഗവതീം- സദാ- വയം-
ആശ്രയാമഃ-

അന്വയാൎത്ഥം—ആയോധനാഗ്ര ഭൂവിങ്കൽ സംഹൃതചണ്ഡ
മുണ്ഡയായി അഖണ്ഡജനതാവിപത്തുകളുടെ നിരാസത്തിങ്കൽ
ശൌണ്ഡയായി ശൌൎയ്യശ്രീകൊണ്ടു തുലിതകാല കൃശാനുഭർഗ്ഗ
യായിരിക്കുന്ന ദുർഗ്ഗയാകുന്ന ഭഗവതിയെ എല്ലായ്പോഴും ഞങ്ങ
ൾ ആശ്രയിക്കുന്നു.

പരിഭാഷാ— ആയോധനാഗ്രഭൂ= ആയോധനത്തിന്റെ
അഗ്രഭൂ. ആയോധനം=യുദ്ധം- അഗ്രഭൂ=അഗ്രഭൂമി- സംഹൃത
ചണ്ഡമുണ്ഡാ=സംഹൃതന്മാരായിരിക്കുന്ന ചണ്ഡമുണ്ഡന്മാരൊ

ത്തൊടുകൂടിയവൾ- സംഹൃതന്മാർ=സംഹരിക്കപ്പെട്ടവർ- സംഹരിക്ക=കൊല്ലുക- ചണ്ഡമുണ്ഡന്മാർ=ചണ്ഡനും മുണ്ഡനും- ചണ്ഡൻ=ചണ്ഡനെന്ന അസുരൻ- മുണ്ഡൻ=മുണ്ഡനെന്ന അസുരൻ- അഖണ്ഡജനതാവിപത്തുകൾ= അഖണ്ഡകളായിരിക്കുന്ന ജനതാവിപത്തുകൾ- അഖണ്ഡകൾ=ഒട്ടൊഴിയാതെ ഉള്ളവ- ജനതാവിപത്തുകൾ=ജനതയുടെ വിപത്തുകൾ- ജനതാ=ജനസമൂഹം- വിപത്തുകൾ= ആപത്തുകൾ- നിരാസം=നിരസനം-ശൌണ്ഡാ=സമൎത്ഥാ- ശൌൎയ്യശ്രീ=ശൌൎയ്യസംപത്ത- തുലിതകാലകൃശാനുരുദ്രാ=തുലിതനായിരിക്കുന്ന കാലകൃശാനുരുദ്രനൊടുകൂടിയവൾ- തുലിതൻ=തുലനം ചൈകപ്പെട്ടവൻ- തുലനം ചൈക=സദൃശനാക്കുക- കാലകൃശാനുരുദ്രൻ= കാലാഗ്നിരുദ്രൻ- (ശേഷം മെൽപ്രകാരം)

സാരം — യുദ്ധഭൂമിയുടെ അഗ്രഭാഗത്തിങ്കൽ വെച്ചു ചണ്ഡമുണ്ഡന്മാരാകുന്ന അസുരന്മാരെ സംഹരിച്ചവളായിയും സജ്ജനസമൂഹത്തിന്നു വരുന്ന എല്ലാ ആപത്തുകളെയും തടുപ്പാൻ സാമൎത്ഥ്യത്തൊടുകൂടിയവളായിയും ശൌൎയ്യസംപത്തുകൊണ്ടു കാലാഗ്നിരുദ്രനൊടു തുല്യയായിയും ഇരിക്കുന്ന ദുൎഗ്ഗാ ഭഗവതിയെ എല്ലായ്പൊഴും ഞങ്ങൾ സെവിക്കുന്നു-

൩. സന്ത്രസ്യതാം ദിവിഷദാമഭയായ യുദ്ധെ നിൎവ്വിശ്രമം നിരവശെഷിതരക്തബീജാം। രാജീവകൊമളകരാഗ്രഗൃഹീതഖഡ്ഗാം ദുൎഗ്ഗാം സദാ ഭഗവതീം വയമാശ്രയാമഃ॥

അന്വയം — സന്ത്രസ്യതാം- ദിവിഷദാം- അഭയായ- യുദ്ധെ- നിൎവ്വിശ്രമം- നിരവശെഷിതരക്തബീജാം- രാജീവകൊമളകരാഗ്രഗൃഹീതഖഡ്ഗാം- ദുൎഗ്ഗാം- ഭഗവതീം- സദാ- വയം- ആശ്രയാമഃ

അന്വയാൎത്ഥം — സന്ത്രസ്യത്തുകളായിരിക്കുന്ന ദിവിഷത്തുകളുടെ അഭയത്തിന്നായിക്കൊണ്ടു യുദ്ധത്തിങ്കൽ നിൎവ്വിശ്രമമാകുംവണ്ണം നിരവശെഷിതരക്തബീജയായി രാജീവകൊമളകരാഗ്രഗൃഹീതഖഡ്ഗയായിരിക്കുന്ന ദുൎഗ്ഗയാകുന്ന ഭഗവതിയെ എല്ലായ്പൊഴും ഞങ്ങൾ ആശ്രയിക്കുന്നു.

പരിഭാഷാ — സന്ത്രസ്യത്തുകൾ= സന്ത്രസിച്ചിയങ്ങുന്നവർ. സന്ത്രസിക്ക=ഭയപ്പെട്ടുവിറയ്ക്കുക. ദിവിഷത്തുകൾ=ദെവന്മാർ. അഭയം=ഭയനിവൃത്തി- നിൎവ്വിശ്രമം= വിശ്രമത്തൊടുകൂടാത്തത. വിശ്രമം=ശ്രമപരിഹാരം- നിരവശെഷിതരക്തബീജാ= നിരവശെഷിതന്മാരായിരിക്കുന്ന രക്തബീജന്മാരൊടു കൂടിയവൾ. നിരവശെഷിതന്മാർ=ശെഷിപ്പിക്കപ്പെടാത്തവർ. രക്തബീജന്മാർ=

രക്തബീജന്മാരെന്ന അസുരന്മാർ. രാജീവകോമളകരാഗ്ര ഗൃഹീതഖഡ്ഗാ=രാജീവകോമളകരാഗ്ര ഗൃഹീതമായിരിക്കുന്നഖഡ്ഗത്തൊടുകൂടിയവൾ- രാജീവകോമളകരാഗ്രഗൃഹീതം=രാജീവകോമള കരാഗ്രം കൊണ്ടു ഗൃഹീതം- രാജീവകോമളകരാഗ്രം=രാജീവകൊമളമായിരിക്കുന്ന കരാഗ്രം- രാജീവകോമളം= രാജീവമെന്നപൊലെ കോമളം- രാജീവം=താമരപ്പൂവ- കോമളം=മൃദു- കരാഗ്രം=കരത്തിന്റെ അഗ്രം- കരം=കയ്യ- അഗ്രം=തല- ഗൃഹീതം=ഗ്രഹിക്കപ്പെട്ടത- ഗ്രഹിക്ക=സ്വീകരിക്ക- ഖഡ്ഗം=വാള- (ശെഷം മെൽപ്രകാരം)

സാരം—രക്തബീജനെന്നൊരു അസുരന്റെ പുറപ്പാടിങ്കൽ താൻ ചില ആയുധങ്ങളെ പ്രയൊഗിച്ച അവന്റെ ദെഹത്തിന്മെൽ മുറിയെൽപിച്ചപ്പൊൾ ആ മുറിയിൽ നിന്ന നിലത്തുവീണ ചൊരത്തുള്ളികളിൽ നിന്നതന്നൊടുസമന്മാരായിട്ടു ഒരൊ രക്തബീജന്മാരുണ്ടാകയും അവരുടെ ശരീരത്തിങ്കൽ മുറിയെല്ക്കുകയും ചൊര വീഴുകയും ചെയ്തപ്പൊൾ അതിൽനിന്നുമിങ്ങിനെ എണ്ണിയാൽ ഒടുങ്ങാത്ത വിധത്തിങ്കൽ രക്തബീജന്മാർ നിറഞ്ഞതിനെക്കണ്ടിട്ടു ഭയം ഹെതുവായിട്ടു ദെവന്മാർ വിറച്ചുതുടങ്ങിയസമയം അവരുടെ ഭയനിവൃത്തിക്കായിക്കൊണ്ടു ഉപായെന യുദ്ധത്തിങ്കലുണ്ടാകുന്ന തളൎച്ചയെ മദ്ധ്യെമദ്ധ്യെ പരിഹരിക്കാതെ തന്നെ അവരെ അശെഷമാകുംവണ്ണം സംഹരിച്ചവളായിയും ഏററവും മൃദുവായിരിക്കുന്ന കൈകൊണ്ടു ധരിക്കപ്പെട്ട വാളൊടുകൂടിയവളായിയുമിരിക്കുന്ന ദുൎഗ്ഗാഭഗവതിയെ എല്ലായ്പൊഴും ഞങ്ങൾ ആശ്രയിക്കുന്നു.

൭. ജംഭാന്തകപ്രഭൃതിദെവതതാപമാനാം സുംഭംനിസുംഭമപി ദത്തവതീംയമായ। സൽപ്രാൎത്ഥയൽസുകൃപയാനിഹിതത്രിവൎഗ്ഗാം ദുൎഗ്ഗാംസദാഭഗവതീംവയമാശ്രയാമഃ॥

അന്വയം—ജംഭാന്തകപ്രഭൃതിദെവതതാപമാനാം- സുംഭം- നിസുംഭം- അപി- യമായ- ദത്തവതീം- സംപ്രാൎത്ഥയൽസു- കൃപയാ- നിഹിതത്രിവൎഗ്ഗാം- ദുൎഗ്ഗാം- ഭഗവതീം- സദാ- വയം- ആശ്രയാമഃ.

അന്വയാൎത്ഥം—ജംഭാന്തകപ്രഭൃതിദെവതതാപമാനയായി സുംഭനെയും നിസുംഭനെയും യമനായിക്കൊണ്ടു ദത്തവതിയായി സംപ്രാൎത്ഥയത്തുകളിൽ കൃപഹെതുവായിട്ടു നിഹിതത്രിവൎഗ്ഗയായിരിക്കുന്ന ദുൎഗ്ഗയായിരിക്കുന്ന ഭഗവതിയെ എല്ലായ്പൊഴും ഞങ്ങൾ ആശ്രയിക്കുന്നു.

പരിഭാഷാ—ജംഭാന്തകപ്രഭൃതിദൈവനുതാപദാനാ=ജംഭാന്തകപ്രഭൃതിദൈവനുതമായിരിക്കുന്ന അപദാനത്തൊടു കൂടിയവൾ. ജംഭാന്തകപ്രഭൃതിദൈവനുതം=ജംഭാന്തകപ്രഭൃതി ദൈവന്മാരാൽ നുതം= ജംഭാന്തകപ്രഭൃതിദൈവന്മാർ= ജംഭാന്തക പ്രഭൃതികളായിരിക്കുന്ന ദൈവന്മാർ- ജംഭാന്തകപ്രഭൃതികൾ=ജംഭാന്തകൻ തുടങ്ങിയുള്ളവർ- ജംഭാന്തകൻ=ഇന്ദ്രൻ- നുതം=സ്തുതിക്കപ്പെട്ടത. അപദാനം=പരാക്രമം- സുംഭൻ=സുംഭനാകുന്ന അസുരൻ- നിസുംഭൻ=നിസുംഭനാകുന്ന അസുരൻ- യമൻ=അന്തകൻ- മഥിതവതീ=മഥനംചെയ്തവൾ- സംപ്രാൎത്ഥയന്തുകൾ= സംപ്രാൎത്ഥിച്ചിയങ്ങുന്നവര- സംപ്രാൎത്ഥിക്ക=വഴിപൊലെ പ്രാൎത്ഥിക്ക- കൃപാ=ദയാ- നിഹിതത്രിവൎഗ്ഗാ=നിഹിതമായിരിക്കുന്ന ത്രിവൎഗ്ഗത്തൊടുകൂടിയവൾ- നിഹിതം=നിധാനംചെയ്യപ്പെട്ടത- നിധാനംചെയ്ക=സ്ഥാപിക്ക- ത്രിവൎഗ്ഗം=ധൎമ്മവും അൎത്ഥവും കാമവും- (ശെഷം ഒൽപ്രകാരം)

സാരം—ഇന്ദ്രന്മുതലായ ദൈവന്മാരാൽ സ്തുതിക്കപ്പെട്ട പരാക്രമത്തൊടു കൂടിയവളായിയും സുംഭനെന്ന അസുരനെയും നിസുംഭനെന്ന അസുരനെയും കൊന്നവളായിയും വഴിപൊലെ അപെക്ഷിച്ചിയങ്ങുന്നവൎക്ക ധൎമ്മാൎത്ഥകാമങ്ങളാകുന്ന പുരുഷാൎത്ഥങ്ങളെ ദാനംചെയ്തവളായിയുമിരിക്കുന്ന ദുൎഗ്ഗാഭഗവതിയെ എല്ലാപ്പൊഴും ഞങ്ങൾ സെവിക്കുന്നു-

വൃ. യൽസെവയാതരതിദുഃഖമപെതപാരം നാവെവസിന്ധു
മഖിലൊപിജനൊചിരെണ। താമാദിലൊകജനനീമഗതൊപസ
ൎഗ്ഗാംദുൎഗ്ഗാംസദാഭഗവതീംവയമാശ്രയാമഃ॥

അന്വയം—അഖിലഃ-ജനഃ-അപി- യൽസെവയാ-അപെതപാരം- ദുഃഖം-നാവാ- സിന്ധും- ഇവ- അചിരെണ- തരതി- താം-ആദിലൊകജനനീം- അഗതൊപസൎഗ്ഗാം-ദുൎഗ്ഗാം- ഭഗവതീം-സദാ-വയം-ആശ്രയാമഃ.

അന്വയാൎത്ഥം—അഖിലമായിരിക്കുന്ന ജനവും യൽസെവകൊണ്ടു അപെതപാരമായിരിക്കുന്ന ദുഃഖത്തെ നൌകൊണ്ടു സിന്ധുവിനെ എന്നപൊലെ താമസംകൂടാതെ തരിക്കുന്നു-ആ ആദിലൊകജനനിയായി അഗതൊപസൎഗ്ഗയായിരിക്കുന്ന ദുൎഗ്ഗയാകുന്ന ഭഗവതിയെ എല്ലാസമയവും ഞങ്ങൾ സെവിക്കുന്നു.

പരിഭാഷാ—അഖിലം=ഒട്ടൊഴിയാതെ ഉള്ളത. യൽസെവാ=യാതൊരുത്തിയുടെസെവാ. അപെതപാരം=അപെതമായിരിക്കുന്ന പാരത്തൊടു കൂടിയത. അപെതം=വെർപെട്ടത. പാരം=മറു

കര. നൌ=തോണി. സിന്ധു=നദി. തരിക്ക=കടക്കുക. ആദ്യലോകജനനി=ആദിയായിരിക്കുന്ന ലോകജനനി. ആദി=ആദ്യാ. ലോകജനനി=ലോകമാതാവു. അഗതോപസൎഗ്ഗഃ=അഗതങ്ങളായിരിക്കുന്ന ഉപസൎഗ്ഗങ്ങളോടു കൂടിയവൾ. അഗതങ്ങൾ=അപ്രാപ്തങ്ങൾ. ഉപസൎഗ്ഗങ്ങൾ=ബാധകൾ. (ശേഷം മേൽപ്രകാരം.)

സാരം—എല്ലാജനങ്ങളെയും അവർ തന്നെ ഭജിക്കുന്നവരായിരുന്നാൽ അതുകൊണ്ടുതന്നെ അതിമഹത്തായിരിക്കുന്ന ദുഃഖത്തിന്റെ മറുകരയെ തോണികൊണ്ടു പുഴയുടെ മറുകരയെ എന്നപോലെ താമസംകൂടാതെ പ്രാപിക്കുന്നവളായിയും ആദിമാതാവായിയും ഒരുബാധയെയും പ്രാപിക്കാത്തവളായിയുമിരിക്കുന്ന ദുൎഗ്ഗാഭഗവതിയെ എല്ലായ്പോഴും ഞങ്ങൾ സേവിക്കുന്നു.

൯. യഃപ്രത്യഹംശുചിരിതിപ്രജപേന്മനുഷ്യോദുൎഗ്ഗാഷ്ടകം
സസകലാനനുഭൂയഭോഗാൻ। അന്തേലഭേതഖലദുൎല്ലഭമസ്തശോ
കംലോകംയശോഭിരനുപൂൎയ്യജഗന്തിദൌൎഗ്ഗം॥

അന്വയം—യഃ-മനുഷ്യഃ-പ്രത്യഹം-ശുചിഃ-ഇതി-ദുൎഗ്ഗാഷ്ടകം-പ്രജപേൽ-സഃ-സകലാൻ-ഭോഗാൻ-അനുഭൂയ-അന്തേ-ഖലദുൎല്ലഭം-അസ്തശോകം-ദൌൎഗ്ഗം-ലോകം-യശോഭിഃ-ജഗന്തി-അനുപൂൎയ്യ-ലഭേത-

അന്വയാൎത്ഥം—യാതൊരുമനുഷ്യൻ അഹസ്സിങ്കൽ അഹസ്സിങ്കൽ ശുചിയായിട്ടു ഇപ്രകാരം ദുൎഗ്ഗാഷ്ടകത്തെ പ്രജപിക്കുമോ അവൻ സകലങ്ങളായിരിക്കുന്ന ഭോഗങ്ങളെ അനുഭവിച്ചിട്ടു അന്തത്തിങ്കൽ ഖലദുൎല്ലഭമായി അസ്തശോകമായി ദൌൎഗ്ഗമായിരിക്കുന്ന ലോകത്തെ യശസ്സുകൾകൊണ്ടു ജഗത്തുകളെ അനുപൂരിച്ചിട്ടു ലഭിക്കും.

പരിഭാഷാ—അഹസ്സ=ദിനം. ശുചി=ശുദ്ധൻ. പ്രജപിക്ക=ഭക്തിയോടുകൂടെ ജപിക്ക. സകലങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ. ഭോഗങ്ങൾ=സുഖങ്ങൾ. അന്തം=അവസാനം. ഖലദുൎല്ലഭം=ഖലന്മാരാൽ ദുൎല്ലഭം. ഖലന്മാർ=ദുൎജ്ജനങ്ങൾ. ദുൎല്ലഭം=ലഭിക്കപ്പെടാത്തതു. അസ്തശോകം=അസ്തങ്ങളായിരിക്കുന്ന ശോകങ്ങളോടുകൂടിയതു. അസ്തങ്ങൾ=അസിക്കപ്പെട്ടവ. അസിക്ക=നിരസിക്ക. ശോകങ്ങൾ=ദുഃഖങ്ങൾ. ദൌൎഗ്ഗം=ദുൎഗ്ഗയെസംബന്ധിച്ചതു. ദുൎഗ്ഗാ=ദുൎഗ്ഗാഭഗവതി. യശസ്സുകൾ=കീൎത്തികൾ. ജഗത്തുകൾ=ലോകങ്ങൾ. അനുപൂരിക്ക=പിന്നെയും നിറയ്ക്ക.

സാരം—യാതൊരുത്തൻ ശുദ്ധനായിട്ടു ദിവസംതോറുമിങ്ങി

ന്നെ ദുൎഗ്ഗാഷ്ടകത്തെ ഭക്തിയോടുകൂടെ ജപിക്കുമൊ അവൻ സൎവ്വസുഖങ്ങളെയും അനുഭവിച്ചിട്ട അവസാനത്തിങ്കൽ ദുൎജ്ജനങ്ങൾക്ക ലഭിപ്പാൻ കഴിയാത്തതായിയും സൎവ്വദുഃഖങ്ങളൊടു വെൎപെട്ടതായിയുമിരിക്കുന്ന ദുൎഗ്ഗാഭഗവതിയുടെ ലൊകത്തെ യശസ്സുകൾകൊണ്ടു പാതാളത്തെയും ഭൂമിയെയും സ്വൎഗ്ഗത്തെയും പിന്നെയും നിറച്ചിട്ട ലഭിക്കും.

ഇതിവാശ്ദാസൊപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രവിരചിതം ദുൎഗ്ഗാഷ്ടകം സ്വവ്യാഖ്യയാസഹസമാപ്തം.